# ഗണിതദീപം

സ്റ്റാൻഡാർഡ് IV.

(നാലാംക്ലാസ്സിലേയ്ക്കു്)

ഗവൺമെൻറംഗീകരിച്ചതു്.

SPECIMEN

by

ആർ. വേലായുധൻതമ്പി **Bsc. B. T.**

എൻ ദിവാകരൻനായർ **Bsc. B. T.**

*S. M. V. School, Trivandrum.*

പ്രസാധകർ

ശ്രീരാമവിലാസം പ്രസ്സ് & ...

കൊല...

# ഗണിതദീപം.

സ്റ്റാൻഡാർഡ് IV.

**(നാലാം ക്ലാസ്സിലേയ്ക്കു്)**

അംഗീകാരം ലഭിച്ചതു്.

SPECIMEN

**എൻ. ദിവാകരൻനായർ, B. Sc., B. T.**

&

**ആർ വേലായുധൻതമ്പി, B. Sc., B. T.**

എസ്സ്. എം. വി. സ്കൂൾ, തിരുവനന്തപുരം.

പ്രസാധകർ:

ശ്രീരാമവിലാസം പ്രസ്സ് & ബുക്കഡിപ്പോ,

കൊല്ലം.

വില 8 അണ. 50 ന: പൈസ.

THE REDDIAR PRESS, TRIVANDRUM.

1957

# ഉള്ളടക്കം.

അദ്ധ്യായം.

1. ആവർത്തനം
2. സംഖ്യകൾ
3. ഗുണനം
4. ഹരണം
5. സമയമളവ്
6. നാണയങ്ങൾ
7. ദൈർഘ്യമാനം
8. തൂക്കങ്ങളളവുകൾ
9. മററളവുകൾ
10. ഭിന്നസംഖ്യ
11. ദശാംശഭിന്നങ്ങൾ
12. ക്ഷേത്രഗണിതം.

# ഗണിതദീപം.

## നാലാംക്ലാസ്സിലേയ്ക്കു്.

### അദ്ധ്യായം 1.

### ആവത്തനം.

#### അഭ്യാസം 1.

താഴെ കൊടുത്തിരിക്കുന്നവ വായിക്കുക.

1. കേരളത്തിൽ ആകെ 3678-ൽ കൂടുതൽ പ്രൈമറിവിദ്യാലയങ്ങളുണ്ടു്.

2. കഴിഞ്ഞകൊല്ലം ഒരു പുസ്തകത്തിൻെറ 45376 പ്രതികരം ചെലവായി.

3. പൊതുതെരഞ്ഞെടുപ്പിൽ ഒരു സ്ഥാനാത്ഥിക്കു 56237 ആളുകരം വോട്ടുചെയ്തു.

4. മോട്ടോർകാർ വാങ്ങിയതിനുശേഷം ജോൺ അതിൽ 20436 മൈൽ സവാരിചെയ്തു.

5. ഒരു കെട്ടിടം പണിയുന്നതിനു് രാമൻെറ അച്ഛൻ 30400 രൂപാ ചെലവുചെയ്തു.

6. താഴെപ്പറയുന്ന സംഖ്യകളെ അക്ഷരത്തിലെഴുതുക. അവ ഓരോന്നിനേയും പിരിച്ചെഴുതുകയും ചെയ്യുക.

31521 , 21937 , 99736 , 86500,
42368 , 72409 , 20071 , 37057.

താഴെക്കൊടുത്തിരിക്കുന്നവയെ അക്കത്തിലെഴുതുക.

7. എണ്ണായിരത്തി നാന്നൂററി എഴുപത്തഞ്ചു്.

8. തൊള്ളായിരത്തി മുപ്പത്താറു്.

9. ഒൻപതിനായിരത്തി മുപ്പത്താറു്.

10. ഇരുപത്തേഴായിരത്തി എണ്ണൂററി എഴുപത്തിരണ്ടു്.

11. എഴുപത്തി അയ്യായിരത്തി നാല്പത്തിമൂന്നു്.

തുക കാണുക:—

| | | | |
|---|---|---|---|
| 12. | 638<br>4327<br>2132<br>186 | 13. | 29463<br>924<br>5672<br>16043 |
| 14. | 9802<br>928<br>6374<br>2241 | 15. | 3246<br>75891<br>583<br>4372 |

ക്രിയ ചെയ്യുക:—

16. 326 + 4237 + 549.

17. 3473 + 219 + 5892 + 2009.

18. 2342 + 5628 + 314 + 236.

വിട്ടിട്ടുള്ള സ്ഥലത്തു് ശരിയായ അക്കങ്ങൾ ചേർത്തു പൂരിപ്പിക്കുക.

| | | | |
|---|---|---|---|
| 19. | 4827 +<br>323 –<br>8059 | 20. | 8736<br>4-81<br>13417 |

21.
```
 4 - - 8
 - 8 2 -
 -------
 7 3 1 0
```

22.
```
 - - -
 2 3 4
 -----
 7 1 9
```

കുറച്ചു് ഉത്തരം പറയുക:—

23.
```
 8763-
 7542
 -----
```

24.
```
 9734-
 7812
 -----
```

25.
```
 7693-
 6876
 -----
```

26.
```
 8235-
 7869
 -----
```

27. 4721 - 3943

28. 8754 - 6347

29. ചാക്കോയുടെ തോട്ടത്തിൽ 236 പ്ലാവും, 327 കമുകും, 4326 തെങ്ങും ഉണ്ടു് ആകെ ആ തോട്ടത്തിലുള്ള വൃക്ഷങ്ങളെത്ര?

30. മൂന്നു ഗ്രാമങ്ങളിലായി യഥാക്രമം 4231, 5482, 926 വീതം ജനങ്ങൾ പാക്കുന്നുവെങ്കിൽ ആകെ ജനസംഖ്യ എത്ര?

31. ഒരു സ്കൂളിൽ ആകെ 739 കുട്ടികളുള്ളതിൽ 547 പേർ ജയിച്ചു. തോററവരുടെ എണ്ണമെത്രു്?

32. 31427 രൂപാ കടമുള്ള ഒരാൾ 25349 രൂപാ കൊടുത്താൽ ബാക്കി എത്ര കൊടുക്കാനുണ്ടായിരിക്കും.

33. 456 കുട്ടികളുള്ള ഒരു സ്കൂളിൽനിന്നും 127 കുട്ടികൾ പിരിഞ്ഞുപോകയും 204 കുട്ടികൾ വന്നുചേരുകയും ചെയ്തതിനുശേഷം എത്ര കുട്ടികൾ ഉണ്ടായിരിക്കും.

34. കൃഷ്ണനു് മാസം 125 രൂപാ ശമ്പളമുണ്ടു്. കൃഷിയിൽനിന്നും മാസം 80 രൂപാ വരവുണ്ടു്. അയാൾ ആഹാരത്തിനു് 110 രൂപയും മററുവകകൾക്കായി 83 രൂപയും പ്രതിമാസം ചെലവാക്കിയാൽ ഒരുമാസത്തെ മിച്ചമെത്രു്?

ഗുണനഫലം കാണുക.

| | | | |
|---|---|---|---|
| 35. | 724 × 3 | 36. | 634 × 4 |
| 37. | 929 × 6 | 38. | 394 × 7 |
| 39. | 429 × 5 | 40. | 127 × 8 |
| 41. | 892 × 9 | 42. | 486 × 7 |

ഹരണഫലം കാണുക.

| | | | |
|---|---|---|---|
| 43. | 27 ÷ 3 | 44. | 8236 ÷ 2 |
| 45. | 2848 ÷ 4 | 46. | 3975 ÷ 5 |
| 47. | 5628 ÷ 6 | 49. | 8208 ÷ 8 |
| 49. | 7364 ÷ 7 | 50. | 6471 ÷ 9 |

51. ഒരു പള്ളിക്കൂടത്തിൽ 86 ബെഞ്ചുകളുണ്ടു്. ഒരു ബെഞ്ചിൽ 8 കുട്ടികൾക്കിരിക്കാമെങ്കിൽ ആകെ എത്ര കുട്ടികൾക്കു് ബെഞ്ചു് തികയും.

52. ഒരു പെട്ടിയിൽ 144 സോപ്പു കൊള്ളും. 6 പെട്ടിയിൽ എത്ര സോപ്പു കാണും.

53. ഓരോ കെട്ടിലും 480 കടലാസു കാണും. 9 കെട്ടിൽ എത്ര കടലാസു കാണും.

54. ഒരു കുട്ടയിൽ 426 നാരങ്ങാ കൊള്ളും. 7 കുട്ടകളിൽ എത്ര നാരങ്ങാ കൊള്ളും.

55. ഒരു സൈക്കിളിനു് 367 രൂപാ വിലയാണു്. 9 സൈക്കിളിന്റെ വില എന്തു്?

56. നാലു മോട്ടാർ സൈക്കിളിന്റെ വില 3784 രൂപാ ആയാൽ ഒരു സൈക്കിളിന്റെ വിലയെന്തു്?

57. 9 പെട്ടി ബാർസോപ്പിനു് 972 രൂപാ വിലയായാൽ ഒരു പെട്ടി ബാർസോപ്പിന്റെ വിലയെന്തു്?

58. ഒരാഴ്ചയിൽ ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെൻറിനു് ഒരു ബസ്സിൽ നിന്നുള്ള വരവു 889 രൂപയായാൽ ഒരു ദിവസത്തെ വരവെന്തു്?

59. 3564 പട്ടാളക്കാർ 9 വരിയായി നില്ക്കുന്നു. ഒരു വരിയിൽ എത്ര പട്ടാളക്കാരുണ്ടു്.

60. 6375 രൂപയെ 5 പേൎക്കു സമമായി വീതിച്ചു കൊടുത്താൽ ഓരോരുത്തൎക്കും എന്തു കിട്ടും.

61. ഒരു ഗ്രാമത്തിലെ 4 പള്ളിക്കൂടങ്ങളിലായി 1184 കുട്ടികൾ പഠിക്കുന്നു. ഓരോ വിദ്യാലയത്തിലും എത്ര കുട്ടികൾ വീതമുണ്ടു്.

---

## അദ്ധ്യായം 2.

# സംഖ്യകൾ.

പതിനായിരം സ്ഥാനംവരെയുള്ള സംഖ്യകൾ വായിക്കുന്നതിനു നിങ്ങൾക്കറിയാം. എന്നാൽ താഴെക്കൊടുത്തിട്ടുള്ള സംഖ്യകൾ നോക്കുക.

875432 3643529.

ഇവ നാം പഠിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ സ്ഥാനങ്ങൾ ഉള്ളവയാണു്. ഇവ വായിക്കുന്നതു് എങ്ങനെയാണെന്നാണു് നമുക്കു പഠിക്കേണ്ടതു്.

ഈ സംഖ്യകളെ സ്ഥാനനിർണ്ണയംചെയ്തു് എഴുതിയിരിക്കുന്നതു നോക്കുക.

| പത്തുലക്ഷം | ലക്ഷം | പതിനായിരം | ആയിരം | നൂറ് | പത്ത് | ഒററ |
|---|---|---|---|---|---|---|
| | 8 | 7 | 5 | 4 | 3 | 2 |
| 3 | 6 | 4 | 3 | 5 | 2 | 9 |

ഒന്നാമത്തെ സംഖ്യ വായിക്കുന്നതു് "എട്ടുലക്ഷത്തി എഴുപത്തയ്യായിരത്തി നാനൂററി മുപ്പത്തിരണ്ടു്" എന്നാണു്. "മുപ്പത്താറുലക്ഷത്തി നാല്പത്തിമൂവായിരത്തി അഞ്ഞൂററി ഇരുപത്തൊൻപതു്" എന്നാണു് രണ്ടാമത്തേതു വായിക്കേണ്ടതു്.

ഈ ഉദാഹരണങ്ങളിൽനിന്നും "പതിനായിര"ത്തിന്റെ ഇടതുവശമുള്ള സ്ഥാനം "ലക്ഷ"മാണെന്നും, "ലക്ഷ"ത്തിന്റെ ഇടതുവശമുള്ളതു് "പത്തുലക്ഷ"മാണെന്നും മനസ്സിലാക്കാം.

## അഭ്യാസം 2.

താഴെക്കൊടുത്തിരിക്കുന്നവ വായിക്കുക.

1. കോട്ടയം പട്ടണത്തിലെ ജനസംഖ്യ 236437 ആകുന്നു.
2. കഴിഞ്ഞവർഷം 2398207 ആളുകൾ ശബരിമല തീർത്ഥാടനത്തിനു പോയി.
3. ഇന്ത്യയിൽനിന്നും 8905270 ആളുകൾ മററു രാജ്യങ്ങളിൽ പോയി താമസിക്കുന്നുണ്ടു്.
4. ഒരു വിമാനത്തിലാണെങ്കിൽ 1000,000 മൈൽ യാത്ര ചെയ്യുന്നതിനു് മൂന്നുമാസം മതിയാകും.
5. 4057000 ചാക്കു ധാന്യം ഈ വർഷം നമ്മുടെ നാട്ടിലേയ്ക്കു് ഇറക്കുമതി ചെയ്തിട്ടുണ്ടു്.
6. 2043008, 7243359, 796327, 900202, 823647, 4627751, 165035, 673006,

താഴെ കൊടുത്തിരിക്കുന്ന സംഖ്യകളെ സ്ഥാനനിർണ്ണയം ചെയ്തു് അക്കത്തിലെഴുതുക.

7. എട്ടുലക്ഷത്തി മുപ്പത്തയ്യായിരത്തി നാനൂററി പതിനേഴു്.
8. ഒരുലക്ഷത്തി മൂവായിരത്തി ഇരുപത്താറു്.
9. മൂന്നുലക്ഷത്തി എൺപതിനായിരത്തി അഞ്ഞൂററി ഇരുപത്തെട്ടു്.
10. അറുപതുലക്ഷത്തി നാൽപ്പത്തെണ്ണായിരത്തി ഇരുപത്തൊന്നു്.
11. തൊണ്ണൂറെറാൻപതുലക്ഷത്തി തൊള്ളായിരത്തി ഒന്നു്.

12. എഴുപത്തേഴുലക്ഷത്തി നാൽപ്പത്തെണ്ണായിരത്തി നാന്നൂററി മുപ്പത്തിഒന്നു്.

അക്കത്തിലെഴുതുക.

13. മൂന്നുലക്ഷത്തി നാലായിരത്തി ഇരുപത്തൊന്നു്.

14. എട്ടുലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി അറുന്നൂററി എൺപത്തി ഒൻപതു്.

15. അറുപത്താറുലക്ഷത്തി ഇരുപത്തിമൂവായിരത്തി ഇരുന്നൂററി എഴുപത്തി ഒന്നു്.

16. പതിനഞ്ചുലക്ഷത്തി ഒൻപതിനായിരത്തി മുപ്പത്തിരണ്ടു്.

ഒരു സംഖ്യയിലുള്ള അക്കങ്ങളുടെ സ്ഥാനവില തന്നിരുന്നാൽ ആ സംഖ്യ എഴുതുന്നതെങ്ങിനെയാണു്. ഒററ സ്ഥാനം മുതൽ ഇടത്തോട്ടു് സ്ഥാനങ്ങൾ എഴുതിയശേഷം സംഖ്യ എഴുതുന്നതാണു ലഘുവായ മാർഗ്ഗം. അക്കമില്ലാത്ത സ്ഥാനങ്ങളിൽ പൂജ്യമിടേണ്ടതാണെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഉദാ: 1. 3 ലക്ഷം, 8 പതിനായിരം, 5 ആയിരം, 9 നൂറു്, 4 പത്തു്, 2 ഒററ ഈ സംഖ്യ എഴുതുക.

| ലക്ഷം | പതിനായിരം | ആയിരം | നൂറ് | പത്ത് | ഒററ |
|---|---|---|---|---|---|
| 3 | 8 | 5 | 9 | 4 | 2 |

അഭ്യാസം 3.

താഴെക്കൊടുത്തിട്ടുള്ളവ ചേർത്തു് സംഖ്യകൾ എഴുതുക.

1. 6 ലക്ഷം, 5 പതിനായിരം, 3 ആയിരം, 8 നൂറു് 9 പത്തു്, 4 ഒററ.

2. 8 ലക്ഷം, 2 പതിനായിരം, 2 ആയിരം, 6 നൂറു്, 8 പത്തു്, 3 ഒററ.
3. 3 ലക്ഷം, 9 പതിനായിരം, 8 ആയിരം, 9 നൂറു്, 7 പത്തു്, 6 ഒററ.
4. 6 പത്തുലക്ഷം, 7 ലക്ഷം, 6 പതിനായിരം, 4 ആയിരം, 3 നൂറു്, 4 പത്തു്, 7 ഒററ.
5. 1 പത്തുലക്ഷം, 5 ലക്ഷം, 5 പതിനായിരം, 3 ആയിരം, 5 നൂറു്, 2 പത്തു്, 9 ഒററ.
6. 5 ലക്ഷം, 3 ആയിരം, 2 പത്തു്, 3 ഒററ.
7. 4 ലക്ഷം, 3 പതിനായിരം, 8 ഒററ.
8. 9 പത്തുലക്ഷം, 4 പതിനായിരം, 6 പത്തു്, 2 ഒററ.
9. 7 പത്തുലക്ഷം, 9 പത്തു്, 5 ഒററ.
10. 1 പത്തുലക്ഷം, 2 ഒററ.
11. 4 പത്തുലക്ഷം, 3 ആയിരം.
12. 2, 3, 7, 4, 5, 3, 9. ഈ അക്കങ്ങൾ ഉപയോഗിച്ചു് ലക്ഷം സ്ഥാനംവരെയുള്ള അഞ്ചു സംഖ്യകളും പത്തുലക്ഷം സ്ഥാനംവരെയുള്ള 5 സംഖ്യകളും ഉണ്ടാക്കുക. ഒരു സംഖ്യയിൽ ഒരക്കം ഒരുപ്രാവശ്യമെ ഉപയോഗിക്കാവൂ. എഴുതിയ സംഖ്യകളെ അക്ഷരത്തിൽ എഴുതുക.

## അഭ്യാസം 4.

തുകകാണുക:—

| | | | |
|---|---|---|---|
| 1. | 432783<br>56987<br>298202 | 2. | 982043<br>854232<br>674356 |
| 3. | 2746583<br>832541<br>340027 | 4. | 4672538<br>274882<br>798002 |

കുറയ്ക്കുക:—

5. 984632 —
97524

6. 2764354 —
1987246

7. 9024033 —
8435364

8. 2346837 —
2153978

ക്രിയചെയ്യുക.

9. 4327637 + 532500

10. 2945117 + 890086 + 4635587

11. 8325341—7856374

12. 2915008— 839942

13. ഒരു പട്ടണത്തിൽ 437243 ജനങ്ങളും അതിനടുത്ത പട്ടണത്തിൽ 294376 ജനങ്ങളുമുണ്ട്. രണ്ടിലുംകൂടി ആകെ ജനസംഖ്യ എത്ര?

14. ഒരു തെങ്ങിൻതോപ്പിൽ ഒരുവർഷം നാലുപ്രാവശ്യം തേങ്ങ വെട്ടുന്നു. ഓരോ പ്രാവശ്യവും യഥാക്രമം 966527, 58487, 83429, 312658 വീതം തേങ്ങ വെട്ടിയാൽ ഒരു വർഷം ആകെ കിട്ടിയ തേങ്ങ എത്ര?

15. ഒരു പട്ടണത്തിലെ ജനസംഖ്യ 726386-ൽനിന്നു് 1162345 ആയി വർദ്ധിച്ചു. വർദ്ധിച്ച എണ്ണം എത്ര?

16. ഒരു രാജ്യത്തെ ജനസംഖ്യ 8647235, വേറൊരു രാജ്യത്തേതു് 4936538. ജനസംഖ്യകൾ തമ്മിലുള്ള വ്യത്യാസമെത്ര്.

## അദ്ധ്യായം 3.

# ഗുണനം.

ഒരു സംഖ്യയെ ഒന്നു മുതൽ ഒൻപതു വരെയുള്ള സംഖ്യകൾകൊണ്ടു് ഗുണിക്കുവാൻ നിങ്ങൾ പഠിച്ചുകഴിഞ്ഞു. ഇനി നമുക്കു് ഒരു സംഖ്യയെ 10 കൊണ്ടു ഗുണിക്കുന്നതെങ്ങിനെയെന്നു നോക്കാം.

2-നെ 10 കൊണ്ടു് ഗുണിക്കുന്നതും 10-നെ 2 കൊണ്ടു് ഗുണിക്കുന്നതും ഫലം ഒന്നുതന്നെയാണല്ലോ. 10×2=20. ഇതുപോലെ 1 മുതൽ 9 വരെയുള്ള സംഖ്യകൾകൊണ്ടു് 10-നെ ഗുണിച്ചുകിട്ടുന്ന ഫലം പരിശോധിക്കുക. ഇതിൽനിന്നു് എന്താണു് മനസ്സിലാകുന്നതു്? 10 കൊണ്ടു് ഒരു സംഖ്യയെ ഗുണിക്കുകയോ, അല്ലെങ്കിൽ ഒരു സംഖ്യകൊണ്ടു് 10-നെ ഗുണിക്കുകയോ ചെയ്താൽ കിട്ടുന്ന ഫലം ആ സംഖ്യയുടെ വലതുവശത്തു് ഒരു പൂജ്യം ചേർത്തതിനു തുല്യമായിരിക്കും. ഈ തത്വം ഏതു സംഖ്യയെക്കുറിച്ചായാലും ശരിയാണോ എന്നു പരിശോധിക്കാം. 53×10 എന്ന ക്രിയ ചെയ്താൽ 530 ഫലം കിട്ടുമോ എന്നു നോക്കാം. 53 പത്തുപ്രാവശ്യം എഴുതി കൂട്ടി നോക്കുക. ഫലം 530 ആണു് എന്നു കാണാം. അപ്പോൾ 53×10=530. ഏതൊരുസംഖ്യയേയും 10 കൊണ്ടു് ഗുണിക്കുന്നതിനു് ആ സംഖ്യയുടെ വലതുഭാഗത്തു് ഒരു പൂജ്യം ചേർത്താൽ മതിയാകുമെന്നു ഇതിൽനിന്നു് നമുക്കു് മനസ്സിലാക്കാം.

ഒരു സംഖ്യയെ 10 കൊണ്ടു് ഗുണിക്കുന്നതിനു എളുപ്പമാർഗ്ഗമുള്ളതുപോലെതന്നെ 20, 30, 40 മുതലായവകൊണ്ടും ഗുണിക്കുന്നതിനു ലഘുവായമാർഗ്ഗമുണ്ടു്. നമുക്കു 12×30 എന്ന ക്രിയചെയ്യണമെന്നിരിക്കട്ടെ. 12×30 എന്നതു് 12 മുപ്പതുപ്രാവശ്യം എഴുതി കൂട്ടിയതിനോടു തുല്യമാണു്. ഇതു് 12 പത്തുപ്രാവശ്യം എഴുതി

കൂട്ടിയതിൻെറ മൂന്നിരട്ടിയ്ക്കു സമമാണു്. അതായതു് 12×30 എന്നതു് 12×10 ൻെറ 3 ഇരട്ടിയാണെന്നു് വ്യക്തമാകുന്നു. ഇതിൽനിന്നും 12 നെ 30 കൊണ്ടു് ഗുണിക്കുന്നതിനു് 12 നെ 10 കൊണ്ടു് ഗുണിച്ചുകിട്ടിയ ഫലത്തെ 3 കൊണ്ടു ഗുണിച്ചാൽ മതിയാകും.

12×30 = 12×10 ൻെറ 3 ഇരട്ടി

= 120 ൻെറ 3 ഇരട്ടി

= 120×3 = 360

12 നെ ആദ്യം 10 കൊണ്ടു് ഗുണിക്കയും പിന്നീടു് 3 കൊണ്ടു് ഗുണിക്കയും ചെയ്യുന്നതിനു പകരം 12 നെ ഒന്നാമതു് 3 കൊണ്ടും കിട്ടിയഫലത്തെ 10 കൊണ്ടും ഗുണിച്ചാൽ മതിയാകുന്നതാണു്.

12 × 3 = 36. 36 × 10 = 360

രണ്ടുദാഹരണങ്ങൾകൂടി താഴെ കൊടുത്തിരിക്കുന്നു.

ഉദാ: 1. 69×50

69 നെ ആദ്യം 5 കൊണ്ടും പിന്നീടു് 10 കൊണ്ടും ഗുണിക്കുക.

69×5 = 345 345×10 = 3450

ഉദാ: 2. 76×80; 76×8=608. 608×10=6080

മേൽ കാണിച്ചിരിക്കുന്ന ഉദാഹരണത്തിൽനിന്നും ഒരു സംഖ്യയെ 20 കൊണ്ടു ഗുണിക്കുന്നതിനു് ആ സംഖ്യയെ 2 കൊണ്ടു് ഗുണിച്ചിട്ടു് വലതുഭാഗത്തു് ഒരു പൂജ്യം ചേർത്താൽ മതിയാകുമെന്നു മനസ്സിലാകുന്നു. 30, 40, 50 തുടങ്ങിയ സംഖ്യകൾ കൊണ്ടും ഇതുപോലെ ഗുണിക്കാവുന്നതാണു് എന്നു് തെളിയുന്നുണ്ടു്.

ഒരു സംഖ്യയെ രണ്ടക്കമുള്ള ഏതെങ്കിലും ഒരു സംഖ്യകൊണ്ടു് ഗുണിക്കുന്നതെങ്ങനെയെന്നു പരിശോധിക്കാം. 124-നെ 12 കൊണ്ടു് ഗുണിക്കണമെന്നിരിക്കട്ടെ. 124×12 എന്നതു് 124 പന്ത്രണ്ടുപ്രാവശ്യം എഴുതിക്കൂട്ടിയതിനു തുല്യമാണു്. ഇതിനു് 124, രണ്ടു പ്രാവശ്യം എഴുതിക്കൂട്ടിയതിനോടു് 10 പ്രാവശ്യം എഴുതിക്കൂട്ടിയതു് കൂട്ടിയാൽ മതിയാകും. അതായതു് 124×12= 124 രണ്ടു പ്രാവശ്യം എഴുതിക്കൂട്ടിയതു് +

124 പത്തു ...... ...... ......

$$=124\times2+124\times10$$
$$=248+1240$$
$$=1488.$$

ഇതിൽനിന്നും 124 നെ 12 കൊണ്ടു് ഗുണിക്കുന്നതിനു് 124-നെ 2 കൊണ്ടു് ഗുണിച്ചുകിട്ടിയ ഫലത്തോടു് 124-നെ 10 കൊണ്ടു് ഗുണിച്ചുകിട്ടിയ ഫലം കൂട്ടിയാൽ മതി എന്നു മനസ്സിലാകുന്നു.

425 × 13

425-നെ 13 കൊണ്ടു് ഗുണിക്കുന്നതിനു് 425-നെ 3 കൊണ്ടു് ഗുണിച്ചുകിട്ടിയ ഫലത്തോടു് 425-നെ 10 കൊണ്ടു് ഗുണിച്ചുകിട്ടിയതു് കൂട്ടിയാൽ മതിയാകും. 425×13 എന്ന ക്രിയ ചെയ്തിരിക്കുന്നതു നോക്കുക.

| | |
|---|---|
| | 425× |
| | 13 |
| 425-നെ 3 കൊണ്ടു് ഗുണിച്ചപ്പോൾ | 1275 |
| 425-നെ 10 ...... ...... | 4250 |
| കൂട്ടുമ്പോൾ | 5525 |

425 × 13 = 5525

ഇതുപോലെ 248-നെ 63 കൊണ്ടു് ഗുണിക്കുന്നതിനു് 248-നെ 3 കൊണ്ടു് ഗുണിച്ചുകിട്ടിയ ഫലത്തോടു് 248-നെ 60 കൊണ്ടു് ഗുണിച്ചുകിട്ടിയ ഫലം കൂട്ടിയാൽ മതിയാകും. ക്രിയ ചെയ്തിരിക്കുന്നതു് പരിശോധിക്കുക.

```
  248×
   63
-----
  744
14880
-----
15624
```

248-നെ 3 കൊണ്ടു് ഗുണിക്കുമ്പോൾ 744 കിട്ടുന്നു. 248-നെ 60 കൊണ്ടു് ഗുണിക്കുന്നതിനു് 248-നെ 6 കൊണ്ടു് ഗുണിച്ചുകിട്ടിയ ഫലത്തിന്റെ വലതു ഭാഗത്തു് ഒരു പൂജ്യംചേർത്താൽ മതിയാകുമല്ലോ. 248-നെ 6 കൊണ്ടു് ഗുണിച്ചതിനു ശേഷം ചേർക്കേണ്ട പൂജ്യം ആദ്യമായി 3 കൊണ്ടു് ഗുണിച്ചുകിട്ടിയ സംഖ്യയുടെ ഒററസ്ഥാനത്തിനു താഴെ ചേർക്കുക. അതിനുശേഷം 248-നെ 3 കൊണ്ടു് മനസ്സിൽ ഗുണിച്ചുകിട്ടുന്ന അക്കങ്ങൾ പൂജ്യത്തിന്റെ ഇടതുവശത്തോട്ടു് മുറയ്ക്കു് എഴുതുക.

വേറൊരു ഉദാഹരണം നോക്കുക:

674×27

```
 674×
  27
-----
 4718
 1348
-----
18198
```

ഇവിടെ 674-നെ 7 കൊണ്ടു ഗുണിച്ചതിനോടു് 674-നെ 20 കൊണ്ടു ഗുണിച്ചതു കൂട്ടിയിരിക്കുന്നു. പക്ഷെ വലതുവശത്തു് ചേർക്കേണ്ട പൂജ്യം ചേർത്തിട്ടില്ല. എന്നാൽ പൂജ്യം ആ സ്ഥാനത്തുണ്ടു് എന്നു സങ്കല്പത്തിലാണു് ക്രിയചെയ്തിരിക്കുന്നതു്. പൂജ്യമില്ലെങ്കിലും സ്ഥാനക്രമം മാററിയിട്ടില്ല എന്നതു് പ്രത്യേകം ശ്രദ്ധിക്കണം.

ഒരു സംഖ്യയെ രണ്ടക്കമുള്ള ഒരു സംഖ്യകൊണ്ടു് ഗുണിക്കുന്നതിനു നാം പഠിച്ചുകഴിഞ്ഞു. ഇനി ഒരു സംഖ്യയെ 100, 200, 300 മുതലായ സംഖ്യകൾകൊണ്ടു ഗുണിക്കുന്നതെങ്ങിനെയെന്നു നോക്കാം. $100=10 \times 10$ ആയതിനാൽ ഒരു സംഖ്യയെ 100 കൊണ്ടു ഗുണിക്കുന്നതിനു് ആ സംഖ്യയെ പത്തുകൊണ്ടു് രണ്ടു പ്രാവശ്യം ഗുണിച്ചാൽ മതിയല്ലോ. ഒരു 10 കൊണ്ടു് ഗുണിക്കുമ്പോൾ ആ സംഖ്യയുടെ വലതുഭാഗത്തു് ഒരു പൂജ്യംചേക്കുന്നു. അടുത്ത 10 കൊണ്ടു ഗുണിക്കുമ്പോൾ ഒന്നാമതു ചേത്ത പൂജ്യത്തിന്റെ വലതുഭാഗത്തു് ഒരു പൂജ്യംകൂടി ചേക്കുന്നു. താഴെ ചെയ്തിരിക്കുന്ന ഉദാഹരണങ്ങൾ നോക്കുക.

$$18 \times 100 = 18 \times 10 \times 10$$
$$= 180 \times 10 = \underline{1800}.$$
$$217 \times 100 = 217 \times 10 \times 10$$
$$= 2170 \times 10 = \underline{21700}.$$

ഇവയിൽനിന്നും ഒരു സംഖ്യയെ 100 കൊണ്ടു ഗുണിക്കുന്നതിനു് ആ സംഖ്യയുടെ വലതുവശത്തു് രണ്ടു പൂജ്യമിട്ടാൽ മതി എന്നു മനസ്സിലാകുന്നു.

ഒരു സംഖ്യയെ 20 കൊണ്ടു ഗുണിക്കുന്നതിനു് ആ സംഖ്യയെ 2 കൊണ്ടു ഗുണിച്ചഫലത്തെ 10 കൊണ്ടു് ഗുണിക്കുന്നു. അതുപോലെതന്നെ ഒരു സംഖ്യയെ 200 കൊണ്ടു് ഗുണിക്കുന്നതിനു് ആ സംഖ്യയെ 2 കൊണ്ടു് ഗുണിച്ചുകിട്ടിയ ഫലത്തെ 100 കൊണ്ടു് ഗുണിച്ചാൽ മതിയാകും. അതായതു് ഒരു സംഖ്യയെ 200 കൊണ്ടു് ഗുണിക്കുന്നതിനു് ആ സംഖ്യയെ 2 കൊണ്ടു് ഗുണിച്ചുകിട്ടിയ ഫലത്തിന്റെ വലതുവശത്തായി രണ്ടു പൂജ്യം ചേത്താൽ മതിയെന്നു കാണാം.

ഉദാ: 1. $28 \times 200 = 28 \times 2 \times 100$
$$= 56 \times 100 = \underline{\underline{5600}}$$

2. $372 \times 200 = 372 \times 2 \times 100$

$= 744 \times 100 = 74400$

300, 400, 500 മുതലായവകൊണ്ടും ഇതേരീതിയിൽ ഗുണിക്കാവുന്നതാണു്.

3. $83 \times 400 = 83 \times 4 \times 100$

$= 332 \times 100$

$= 33200$

4. $685 \times 800 = 685 \times 8 \times 100$

$= 5480 \times 100$

$= 548000$

ഒരു സംഖ്യയെ മൂന്നക്കമുള്ള ഒരു സംഖ്യകൊണ്ടു ഗുണിക്കുന്ന രീതിയാണു് ഇനി പഠിക്കേണ്ടതു്. ഉദാഹരണമായി 876 × 642 എന്ന ക്രിയചെയ്യണമെന്നിരിക്കട്ടെ. 642-കൊണ്ടു ഗുണിക്കുന്നതിനു് 600-കൊണ്ടും, 40 കൊണ്ടും, 2-കൊണ്ടും ഗുണിച്ചതിൻെറ തുക കണ്ടാൽമതിയെന്നു് അറിയാമല്ലോ. 2, 40, 600 ഇവകൊണ്ടു ഗുണിച്ചു് എഴുതിയിരിക്കുന്നതു് പരിശോധിക്കുക.

$876 \times 642 = 562392$

```
   876 ×
   642
  ------
  1752
 35040
524600
------
562392
```

കൂടുതലായിചേക്കേണ്ട പൂജ്യം ചേത്തിട്ടുണ്ടെന്നു സങ്കല്പിച്ചു് വേറൊരുദാഹരണം താഴെ ചെയ്തിരിക്കുന്നു. ഓരോ അക്കംകൊണ്ടു ഗുണിക്കുമ്പോഴും ആ അക്കത്തിൻെറ സ്ഥാനം മുതലാണു് ഫലം എഴുതിത്തുടങ്ങിയിരിക്കുന്നതു് എന്നു പ്രത്യേകം ശ്രദ്ധിക്കുക.

$4328 \times 249 = \underline{\underline{1097672}}$

$$
\begin{array}{r}
4328 \times \\
249 \\
\hline
38952 \\
17312\phantom{0} \\
8656\phantom{00} \\
\hline
1077672
\end{array}
$$

### അഭ്യാസം 5

1. താഴെ കൊടുത്തിരിക്കുന്ന സംഖ്യകളെ ഓരോന്നിനേയും 10-കൊണ്ടു ഗുണിച്ചു് ഫലം പറയുക. (മനക്കണക്കു്.)

   8, 11, 14, 16, 24, 28, 35, 38, 40, 56, 60, 68, 69, 71, 73, 76, 80, 96, 99, 108, 127, 156, 173, 185, 190, 213, 223, 457, 376, 513, 500, 627, 200, 854, 709, 908, 1006, 1028, 2000, 3050, 8080, 9000.

2. താഴെ കൊടുത്തിരിക്കുന്ന സംഖ്യകളിൽ ഓരോന്നിനേയും 20, 30, 70 എന്നീസംഖ്യകൾകൊണ്ടു് ഗുണിച്ചു് ഫലം പറയുക. (മനക്കണക്കു്.)

   2, 8, 4, 6, 9, 3, 5, 7, 11, 12, 16, 20, 25, 30, 50.

ഗുണനഫലം കാണുക.

3. (മനക്കണക്കു്.)

   $4 \times 20$, $7 \times 30$, $2 \times 40$, $6 \times 40$, $9 \times 40$,
   $3 \times 50$, $5 \times 50$, $8 \times 50$, $2 \times 60$, $7 \times 60$,
   $9 \times 60$, $4 \times 70$, $5 \times 70$, $4 \times 80$, $8 \times 80$,
   $3 \times 80$, $6 \times 90$, $9 + 90$, $2 \times 90$, $12 \times 20$,
   $11 \times 30$, $15 \times 40$, $16 \times 70$, $30 \times 40$, $20 \times 60$,
   $80 \times 20$.

4. 19 × 20, 28 × 30, 39 × 80, 67 × 40, 86 × 90, 124 × 20, 216 × 40, 279 × 50, 328 × 60, 439 × 70, 683 × 60, 831 × 60, 950 × 40, 600 × 80, 700 × 90, 1242 × 20, 1386 × 30, 2472 × 90, 4367 × 80, 3891 × 70, 2379 × 50.

5. 24 × 12 6. 36 × 18 7. 78 × 24
8. 76 × 29 9. 75 × 32 10. 59 × 47
11. 108 × 29 12. 132 × 30
13. 143 × 41 14. 325 × 23
15. 457 × 48 16. 398 × 43
17. 476 × 39 18. 732 × 15
19. 628 × 54 20. 597 × 63
21. 815 × 46 22. 927 × 87

23. താഴെ കൊടുത്തിട്ടുള്ള സംഖ്യകളെ 100, 200, 300 എന്നിവകൊണ്ടു് ഗുണിക്കുക. (മനക്കണക്ക്)

8, 6, 10, 11, 12, 15, 16, 20, 25, 30, 50, 60.

ഗുണനഫലം കാണുക.

24. 987× 84 25. 994× 89
26. 1232× 47 27. 2426× 86
28. 1456×143 29. 2893×247
30. 3473×649 31. 4329×491
32. 6484×638 33. 5475×234
34. 3092×729 35. 8684×926
36. 2900×584 37. 7589×492
38. 5057×302 39. 1007×931
40. 2386×672 41. 7899×507

42. 6643×709 43. 8505×159
44. 8690×320 45. 7160×450
46. 9208×674 47. 8439×645
48. 3003×333 49. 8124×537
50. 6573×405 51. 9765×879

52. ഒരു സൈക്കിളിൻെറ വില 276 രൂപയായാൽ 124 സൈക്കിളിൻെറ വിലയെന്തു്?

53. ഒരു പോസ്റ്റ്ശിപായി ജോലിക്കു പോകുന്ന ദിവസം 18 മൈൽ നടക്കുന്നു. ഒരു വർഷം അയാൾ 297 ദിവസം ജോലിക്കു ഹാജരായാൽ അയാൾ ആകെ നടന്ന ദൂരമെന്തു്?

54. ഒരു ചാക്കു അരി 347 പേൎക്കു ഒരു നേരത്തെ ആഹാരത്തിനു തികയും. 1547 ചാക്കു അരി എത്രപേൎക്കു തികയും

55. ഒരു ഗ്രാമത്തിൽ 2479 വീടുകൾ ഉണ്ടു്. ഒരു വീടുമേയുന്നതിനു് 675 മടൽ ഓല വേണം. എന്നാൽ ആ ഗ്രാമത്തിലെ വീടുകളെല്ലാം മേയുന്നതിനു് എത്ര മടൽ ഓല വേണം.

56. ഒരുവർഷം ഒരു തെങ്ങിൽനിന്നും 243 നാളികേരം കിട്ടുന്നുവെങ്കിൽ 7341 തെങ്ങിൽനിന്നും ഒരു വർഷം എത്ര നാളികേരം കിട്ടും.

57. ഒരു മോട്ടോർസൈക്കിളിനു 3758 രൂപാവച്ചു് 321 മോട്ടോർസൈക്കിൾ ഒരു കമ്പനിക്കാർ വരുത്തുന്നു. ആകെ വിലയെന്തു്?

58. സൎക്കാരിൽനിന്നും 7500 രൂപാവീതം ചെലവുചെയ്തു 350 വീടു പണിയിച്ചു. ആകെ ചെലവെന്തു്?

59. ഏക്കറിനു് 550 രൂപാവീതം 875 ഏക്കർ നിലത്തിൻെറ വിലയെന്തു്?

60. മേശ ഒന്നിനു് 58 രൂപാവീതം 923 മേശയും ബെഞ്ചു് ഒന്നിനു് 19 രൂപാവീതം 1027 ബെഞ്ചും തീൎപ്പിച്ചു. ആകെ ചെലവെന്തു്?

## അദ്ധ്യായം 4.

# ഹരണം

ഒരക്കമുള്ള സംഖ്യകൊണ്ടു് ഹരിക്കുന്നതിനു് നിങ്ങൾ പഠിച്ചിട്ടുണ്ടു്. രണ്ടക്കമുള്ള സംഖ്യകൊണ്ടു് ഹരിക്കുന്നതെങ്ങിനെയെന്നു നോക്കാം. താഴെ കൊടുത്തിരിക്കുന്ന ചോദ്യം നോക്കുക.

വിദ്യാലയങ്ങളിലേയ്ക്കു ബെഞ്ചുണ്ടാക്കുന്നതിനു സക്കാരിൽ നിന്നും 10485 രൂപാ അനുവദിച്ചു. ഒരു ബെഞ്ചിനു 12 രൂപാ ചെലവായാൽ ആകെ എത്ര ബെഞ്ചുവാങ്ങാൻ സാധിക്കും?

ഇവിടെ 10485-നെ 12-കൊണ്ടു് ഭാഗിക്കുകയാണല്ലോ ചെയ്യുന്നതു്. ഭാഗിച്ചിരിക്കുന്നതു നോക്കുക.

```
       873
12) 10485
     96
     --
      88
      84
      --
       45
       36
       --
        9
```

ആകെ 873 ബെഞ്ചുവാങ്ങാം.
ബാക്കി 9 രൂപായുണ്ടു്.

എങ്ങിനെയാണു് ചെയ്തിരിക്കുന്നതെന്നു നോക്കുക. ഹാര്യം 10485. ഹാരകം 12. ഹാരകം 2 സ്ഥാനമുള്ള സംഖ്യയായതിനാൽ ഹാര്യത്തിലും ഇടത്തുനിന്നും 2 സ്ഥാനം എടുക്കുക. അതു് ഇവിടെ 10 ആണു്. 10-നെ 12 കൊണ്ടു് ഹരിക്കാൻ സാധ്യമല്ല. അതിനാൽ അടുത്ത സ്ഥാനത്തെ അക്കവുംകൂടി എടുക്കുക. അപ്പോൾ 104 ആകുന്നു. 104-ൽ 12 എത്രപ്രാവശ്യം ഉണ്ടു്? 8 പ്രാവശ്യമെന്നു കാണാം. ഈ 8 ഹാര്യത്തിനു മുകളിൽ (വരയ്ക്കു

മുകളിൽ) എഴുതുക. 12×8=96. 104-ന്റെ താഴെ 96 എഴുതി കുറച്ചിരിക്കുന്നു. കുറച്ചുകിട്ടിയതു് 8 ആണ്. 104-ന്റെ അടുത്തു സ്ഥിതിചെയ്യുന്ന 8 എന്ന അക്കം ശിഷ്ടമായി കിട്ടിയ 8-ന്റെ വലതുവശത്തു് എഴുതുക. അപ്പോൾ 88 ആയി. 88-ൽ 12, ഏഴു പ്രാവശ്യം ഉണ്ടു്. ഈ 7-നെ ഹരണഫലസ്ഥാനത്തെഴുതിയിരിക്കുന്ന 8-ന്റെ വലതുഭാഗത്തു് എഴുതുക. 12×7=84. 88-ന്റെ താഴെ 84 എഴുതി കുറയ്ക്കുമ്പോൾ ശിഷ്ടം 4. ഹാര്യത്തിൽ അടുത്ത അക്കം ശിഷ്ടമുള്ള 4-നോടുചേർത്തെഴുതുമ്പോൾ 45 ആകുന്നു. 45-ൽ 12 മൂന്നുപ്രാവശ്യം ഉണ്ടു്. ഈ 3-നെ ഹരണഫലസ്ഥാനത്തു് 7-ന്റെ വലതുഭാഗത്തെഴുതുക. 12×3=36. 45-ന്റെ താഴെ 36 എഴുതികുറയ്ക്കുമ്പോൾ ശിഷ്ടം 9. ഇനി ഹാര്യത്തിൽ ഇറക്കാൻ സ്ഥാനമില്ലാത്തതിനാൽ ഹരണം ഇവിടെ അവസാനിക്കുന്നു. അങ്ങിനെ 10485-നെ 12 കൊണ്ടു് ഹരിച്ചപ്പോൾ ഹരണഫലമായി 873-ം ശിഷ്ടം 9-ം കിട്ടി.

ഹാരകം മൂന്നു അക്കമുള്ള സംഖ്യയാണെങ്കിലും ഹരണക്രിയയുടെരീതി ഇതുതന്നെ ആയിരിക്കും. ഉദാഹരിക്കുന്നതിനായി 32741-നെ 216-കൊണ്ടു് ഹരിച്ചിരിക്കുന്നതു നോക്കുക.

```
          151
      ─────────
  216) 32741
       216
      ─────
       1114
       1080
      ─────
        341
        216
      ─────
        125
```

ഹരണഫലം 151.

ശിഷ്ടം 125.

ഹാരകം മൂന്നു് അക്കമുള്ള സംഖ്യയായതുകൊണ്ടു് ഹാര്യത്തിലും ഇടത്തുനിന്നും വലത്തോട്ടു് 3 സ്ഥാനംവരെയുള്ള സംഖ്യ

എടുക്കുക. അപ്പോൾ കിട്ടുന്ന 327-ൽ 216 എത്ര തവണ ഉണ്ടു്? 1 പ്രാവശ്യം. ഫലസ്ഥാനത്തു് 1 എഴുതുക. 216×1=216. 327-ന്റെ താഴെ 216 എഴുതികുറയ്ക്കുമ്പോൾ 111 കിട്ടുന്നു. ഹാര്യത്തിലെ അടുത്ത സ്ഥാനത്തുള്ള 4 എന്ന അക്കംകൂടിചേർക്കുമ്പോൾ 1114. ഈ സംഖ്യയിൽ 216 എത്ര പ്രാവശ്യം ഉണ്ടു്. 5 പ്രാവശ്യമെന്നു കാണുന്നു. ഹരണഫലസ്ഥാനത്തുള്ള 1-ന്റെ വലതുഭാഗത്തു് 5 എഴുതുക. 216×5=1080. 1114-ൽനിന്നും 1080 കുറയ്ക്കുമ്പോൾ 34. ഹാര്യത്തിലുള്ള അടുത്ത അക്കംകൂടി ചേർക്കുമ്പോൾ 341. ഇതിൽ 216 ഒരു പ്രാവശ്യം ഉണ്ടു്. ഹരണഫലസ്ഥാനത്തുസ്ഥിതി ചെയ്യുന്ന 5-ന്റെ വലതുഭാഗത്തായി 1 എഴുതുക. 341-ന്റെ താഴെ 216 എഴുതി കുറയ്ക്കുമ്പോൾ 125. ഇനി കൊണ്ടുവരാൻ സ്ഥാനമില്ലാത്തതിനാൽ ഹരണക്രിയ ഇവിടെ അവസാനിക്കുന്നു.

ഹരണഫലം 151-ം ശിഷ്ടം 125-ം കിട്ടിയിരിക്കുന്നു.

ഹാരകം ഒരക്കമുള്ള സംഖ്യയോ 10, 20, 30 മുതലായ സംഖ്യകളോ ആയിരുന്നാൽ മേൽ കാണിച്ചിരിക്കുന്ന ക്രിയ മുഴുവൻ എഴുതാതെതന്നെ ഹരണം സാധിക്കാവുന്നതാണു്. കുറയ്ക്കലും മററും മനക്കണക്കായി ചെയ്യണമെന്നുമാത്രം.

ഉദാ: 8435÷7 എന്ന ക്രിയ ചെയ്തിരിക്കുന്നതു നോക്കുക.

$$\begin{array}{r} 1205 \\ \hline 7)\ 8435 \end{array} \qquad \text{ശിഷ്ടം } 0$$

ഹാരകം ഒരു സ്ഥാനമുള്ള സംഖ്യയായതിനാൽ ഹാര്യത്തിലും ഇടതുവശത്തെ ഒരക്കം 8 എടുക്കുക. 8-ൽ 7 ഒരു പ്രാവശ്യം ഉണ്ടു്. 1 ഹരണഫലസ്ഥാനത്തു് എഴുതുക. 7×1=7. 8-ൽനിന്നു് 7 മനസ്സിൽ കുറയ്ക്കുമ്പോൾ ഫലം 1. ഈ 1-നോടുകൂടി അടുത്ത അക്കമായ 4 ചേർക്കണം. അപ്പോൾ 14. ഈ സംഖ്യയിൽ 7 രണ്ടു പ്രാവശ്യം അടങ്ങിയിരിക്കുന്നു. 2 ഹരണഫലസ്ഥാനത്തു് 1-ന്റെ വലതുവശമായി എഴുതണം. 7×2=14. 14-ൽനിന്നു് 14 കുറയ്ക്കു

മ്പോൾ ഫലം പൂജ്യം. അടുത്തഅക്കം ഇറക്കുമ്പോൾ 3. 3-ൽ 7 അടങ്ങുകയില്ലാത്തതിനാൽ ഹരണഫലസ്ഥാനത്തുള്ള 12-ന്റെ വലതുവശത്തായി ഒരു പൂജ്യം ചേർക്കുക. അടുത്തസ്ഥാനം ഇറക്കുമ്പോൾ 35. 35-ൽ 7 അഞ്ചുതവണ ഉണ്ടു്. 5 ഹരണഫലസ്ഥാനത്തെഴുതണം. 7×5=35. മനസ്സിൽ കുറയ്ക്കുക. ശിഷ്ടം പൂജ്യം. ഇനി ഹാര്യത്തിൽ അക്കമില്ലാത്തതിനാൽ ഹരണക്രിയ ഇവിടെ അവസാനിക്കുന്നു.

## അഭ്യാസം 6.

ക്രിയചെയ്യുക:—

### 1

| | |
|---|---|
| 1. 3476 ÷ 12 | 2. 2368 ÷ 11 |
| 3. 4897 ÷ 15 | 4. 6374 ÷ 16 |
| 5. 2043 ÷ 13 | 6. 8643 ÷ 17 |
| 7. 7127 ÷ 19 | 8. 6598 ÷ 18 |
| 9. 5239 ÷ 14 | 10. 5836 ÷ 19 |
| 11. 14272 ÷ 12 | 12. 24793 ÷ 21 |
| 13. 28647 ÷ 27 | 14. 28009 ÷ 22 |
| 15. 43225 ÷ 35 | 16. 63702 ÷ 28 |
| 17. 49627 ÷ 29 | 18. 28710 ÷ 31 |
| 19. 10728 ÷ 39 | 24. 21270 ÷ 35 |
| 21. 12985 ÷ 30 | 22. 18318 ÷ 52 |
| 13. 13018 ÷ 49 | 24. 38965 ÷ 58 |

### 2

| | |
|---|---|
| 1. 7168 ÷ 112 | 2. 6972 ÷ 108 |
| 3. 4398 ÷ 123 | 4. 9087 ÷ 109 |
| 5. 25471 ÷ 145 | 6. 45639 ÷ 129 |
| 7. 12698 ÷ 147 | 8. 56785 ÷ 214 |

9. 62173 ÷ 329 10. 19754 ÷ 187
11. 45637 ÷ 105 12. 87232 ÷ 376
13. 93432 ÷ 437 14. 31026 ÷ 296

3

1. ഒരു പേനയ്ക്കു 14 രൂപാവച്ചു് 448 രൂപായ്ക്കു് എത്ര പേന വാങ്ങാം?

2. ഒരു പുസ്തകത്തിന്നു് 18 കടലാസ്സു് വേണമെങ്കിൽ 1728 കടലാസ്സു് എത്ര പുസ്തകത്തിന്നു തികയും?

3. ഒരു പത്തായത്തിൽ 215 പറ നെല്ലു് കൊള്ളും. 3775 പറ നെല്ലു് ഇടുന്നതിന്നു് എത്ര പത്തായം വേണം?

4. ഒരു വിമാനം ഒരു മണിക്കൂറിൽ 427 മൈൽ സഞ്ചരിക്കുന്നു. 19215 മൈൽ യാത്രചെയ്യുന്നതിന്നു് എന്തു സമയം വേണം ?

5. ഒരു സൈക്കിളിന്നു് 375 രൂപാവച്ചു് 93750 രൂപയ്ക്കു എത്ര സൈക്കിൾ വാങ്ങാം?

6. 210 വീടുകൾ മേയുന്നതിന്നായി 106050 മടൽ ഓല വേണം. ഒരു വീടു മേയുന്നതിന്നു എത്ര മടൽ ഓലവേണം.

7. ഒരു കച്ചവടക്കാരൻ 36464 രൂപാ കൊടുത്തു് 424 ചാക്കു പഞ്ചസാര വാങ്ങി. ഒരു ചാക്കു പഞ്ചസാരയുടെ വില യെന്തു്?

8. റോഡു നന്നാക്കുന്നതിന്നു് നിറുത്തിയിരിക്കുന്ന 628 കൂലിക്കാർക്കു് ഒരുദിവസം 1884 രൂപാ കൂലി കൊടുത്താൽ ഒരാളിന്നു് എന്തുകിട്ടും.

9. ഒരാൾ 2624 രൂപാകൊടുത്തു് 24 അലമാരയും, 8550 രൂപാകൊടുത്തു് 150 മേശയും വാങ്ങി. ഒരു അലമാരിയുടേയും ഒരു മേശയുടേയും വിലകളെന്തു്?

10. 750 പറ നിലത്തിൽനിന്നും ഒരു പൂവിൽ ഒരു കൃഷിക്കാരന് 11250 പറ നെല്ല കിട്ടിയാൽ ഒരു പറ നിലത്തിലെ വിളവെത്ര?

4

| | |
|---|---|
| 1. 437 ÷ 4 | 2. 264 ÷ 7 |
| 3. 807 ÷ 3 | 4. 4685 ÷ 5 |
| 5. 6372 ÷ 9 | 6. 8756 ÷ 8 |
| 7. 5698 ÷ 6 | 8. 79342 ÷ 9 |
| 9. 78279 ÷ 2 | 10. 23478 ÷ 5 |
| 11. 24694 ÷ 8 | 12. 63471 ÷ 3 |
| 13. 12347 ÷ 6 | 14. 38797 ÷ 7 |
| 15. 10008 ÷ 8 | 16. 68432 ÷ 10 |
| 17. 4890 ÷ 30 | 18. 43675 ÷ 11 |
| 19. 27102 ÷ 12 | 20. 9006 ÷ 40 |

അഭ്യാസം 7.

## പലജാതി ചോദ്യങ്ങൾ.

1. ഒരാൾ 15 ക്രപാവീതം കൊടുത്തു് 25 ബെഞ്ചും, 37 ക്രപാവീതം കൊടുത്തു് 25 മേശയും വാങ്ങി. ആകെ വിലയെന്തു്?

2. ഒരു സിനിമാശാലയിൽ 6 പേക്കുവീതം ഇരിക്കാവുന്ന 80 ബെഞ്ചും 10 പേക്കുവീതം ഇരിക്കാവുന്ന 25 ചാരുബെഞ്ചുമുണ്ടു്. ആ സിനിമാപ്പുരയിൽ എത്ര പേരെ ഇരുത്താം?

3. ഒരു വായനശാല പണിയുന്നതിനു് ദിവസം 4 ക്രപാവീതം ശമ്പളത്തിൽ 20 മേസ്ത്രിമാരെയും, ദിവസം 5 ക്രപാവീതം ശമ്പളത്തിൽ 16 മരപ്പണിക്കാരെയും, ദിവസം 8 ക്രപാ

വീതം ശമ്പളത്തിൽ 30 മറ്റുജോലിക്കാരേയും ഏർപ്പെടുത്തുന്നു. ഇവരെല്ലാപേരുംകൂടി 42 ദിവസംകൊണ്ടു് ആ കെട്ടിടം പണിതുതീർത്താൽ ആകെ കൂലി എന്തായി?

4. ദിവസംപ്രതി 236 വാര തുണി നെയ്യുന്ന ഒരു നെയ്ത്തുശാലയിൽ ഒരു വർഷത്തിൽ 306 ദിവസം ജോലിയുണ്ടു്. ഒരു കൊല്ലത്തിൽ അവിടെ നെയ്യുന്ന തുണിയിൽ 70000 വാര വില്പനയ്ക്കയച്ചാൽ എത്ര വാരത്തുണി മിച്ചം കാണും?

5. ഒരു വായനശാലയിൽ 267 അംഗങ്ങളുണ്ടു്. അലമാര മുതലായ സാധാനങ്ങൾ നിർമ്മിക്കുന്നതിനു് ഓരോ അംഗവും 5 രൂപാവീതം സംഭാവനചെയ്യുന്നു. കിട്ടിയ തുകയിൽ നിന്നു് 720 രൂപായ്ക്കു തടിവാങ്ങി. ഒരാൾക്കു ദിവസം 4 രൂപാവീതം കൂലികൊടുത്തു് 6 പേരെ നിയമിച്ചു് 25 ദിവസംകൊണ്ടു് ആവശ്യമുള്ള ഉപകരണങ്ങൾ ചെയ്യുന്നു. പിരിച്ചതിൽ മിച്ചമെന്തുണ്ടു്?

6. 100-നു് 10 രൂപാവച്ചു് 500 നാളികേരവും, 1000-നു് 30 രൂപാവച്ചു് 8000 പാക്കും ഒരാൾ വിററു. ആകെ എന്തു കിട്ടി?

7. ഒരാൾ 87 രൂപായ്ക്കു തടിവാങ്ങി. 3 അലമാര പണിയിച്ചു. ഓരോന്നിനും 12 രൂപാവീതം പണിക്കൂലിയായി. എന്നാൽ ഒരലമാരയ്ക്കു എന്തു ചെലവായി?

8. ഒരാൾക്കു് 26 മേശ പണിയുന്നതിനു് 1260 രൂപാ ചെലവായി. അതിൽ 936 രൂപാ തടിവിലയായിട്ടും, 12 രൂപാ ചുമട്ടുകൂലിയായിട്ടും ബാക്കി പണിക്കൂലിയായിട്ടുമാണു് ചെലവായതു്. എന്നാൽ ഒരു മേശയുടെ പണിക്കൂലി എന്തു്?

9. ഒരു ചാക്കു് അരിക്കു 45 രൂപാവീതം കൊടുത്തു് 1215 രൂപായ്ക്കു അരി ഒരാൾ നാഗർകോവിലിൽനിന്നു് വാങ്ങി; 81 രൂപാ ചെലവാക്കി തിരുവനന്തപുരത്തു കൊണ്ടുവന്നു. ഒരു ചാക്കു് അരിക്കു ആകെ ചെലവെന്തു്?

10. ഒരു തൊഴിൽശാലയിൽ 48 പുരുഷന്മാൎക്കും 32 സ്ത്രീകൾക്കു മായി പ്രതിമാസം 4960 രൂപാ ശമ്പളംകൊടുക്കുന്നു. ഒരു പുരുഷനു ഒരുമാസം 70 രൂപയാണു് ശമ്പളം. ഒരു സ്ത്രീയുടെ ഒരുമാസത്തെ ശമ്പളമെന്തു്?

11. ഒരാൾ 100-നു് 12 രൂപാവച്ചു 500 നാളികേരം ചന്ത യിൽ കൊണ്ടുപോയി വിററു. കിട്ടിയ പണംകൊണ്ടു് 100-നു് 5 രൂപാവച്ചു നാരങ്ങാ വാങ്ങി. വാങ്ങിയ നാര ങ്ങായുടെ എണ്ണമെന്തു്?

12. ഒരാൾ 240 മുരിങ്ങയ്ക്കാ അണയ്ക്കു 8 വച്ചു വിററു് കിട്ടിയ തുകകൊണ്ടു് ഒന്നിനു 3 അണ വീതംവച്ചു് നാളികേരം വാങ്ങി. എത്ര നാളികേരം വാങ്ങി?

---

## അദ്ധ്യായം 5.

## സമയമളവു്.

ഒരു സൂൎയ്യോദയംമുതൽ അടുത്ത സൂൎയ്യോദയംവരെയുള്ള സമയ മാണു് നാം ഒരു ദിവസമെന്നു പറയുന്നതു്. ഈ സമയത്തെ 24 മണിക്കൂറുകളായി ഭാഗിച്ചിരിക്കുന്നു. ഓരോ മണിക്കൂറിനേയും 60 മിനിട്ടുകളായും, ഭാഗിച്ചിട്ടുണ്ടു്.

60 മിനിട്ടു് = 1 മണിക്കൂർ

**24** മണിക്കൂർ = 1 ദിവസം

മിനിട്ടു്, മണിക്കൂർ മുതലായി സമയത്തെ നാം അളക്കുന്ന തു് "വാച്ചു്" ഉപയോഗിച്ചാണു്. നിങ്ങൾ ഒരു വാച്ചു് പരിശോ

ധിക്കുക. ആദ്യമായി വൃത്താകൃതിയിലുള്ള ഒരു സാധനത്തിൽ 1 മുതൽ 12 വരെ അക്കങ്ങൾ കുറിച്ചിരിക്കുന്നതായി കാണാം. ഇതിനെ "ഡയൽ" എന്നാണു പറയുന്നതു്. ഡയലിൻെറ ഒത്ത മദ്ധ്യത്തിലായി രണ്ടു സൂചികൾ കാണുന്നു. അവയിൽ ഒന്നിനു് മറെറതിനെക്കാൾ നീളം കൂടുതലായിരിക്കും. നീളം കൂടിയതിനെ "മിനിട്ടു് സൂചി" എന്നും, നീളം കുറഞ്ഞതിനെ "മണിക്കൂർ സൂചി" എന്നും പറയുന്നു. സൂചികളുടെ പേരിൽ നിന്നുതന്നെ അതിൻെറ ജോലി വ്യക്തമാകുന്നു. ഒരു ദിവസത്തെ മണിക്കൂറുകളും മിനിട്ടുകളുമായിട്ടാണല്ലോ ഭാഗിച്ചിരിക്കുന്നതു്. സൂചികളിൽ നീളം കൂടിയതു് മിനിട്ടിനേയും, കുറഞ്ഞതു് മണിക്കൂറിനേയും കാണിക്കുന്നു.

മിനിട്ടു് സൂചി 12-ൽനിന്നും തിരിച്ചു് 1, 2, 3, എന്നീ അക്കങ്ങൾ കടന്നു് തിരികെ 12-ൽ എത്തുന്നതിനുവേണ്ട സമയം 60 മിനിട്ടാണു്. അതായതു് മിനിട്ടു സൂചി 12-ൽനിന്നുംതുടങ്ങി ഓരോ അക്കം കടക്കുന്നതിനും 5 മിനിട്ടു സമയം വേണമെന്നു് തെളിയുന്നു. മിനിട്ടു സൂചിനോക്കി നമുക്കു് സമയം കണക്കാക്കുന്നതിൽ മിനിട്ടുസ്ഥാനത്തുവരുന്ന സംഖ്യ, കണ്ടുപിടിക്കാം. ഉദാഹരണമായി മിനിട്ടു് സൂചി 7 എന്ന അക്കത്തിൻെറ നേക്കു നിൽക്കുകയാണെങ്കിൽ സമയമളവിൽ പൂർണ്ണമായ മണിക്കൂറുകഴിഞ്ഞു് 35 മിനിട്ടുകൂടി ആയി എന്നു മനസ്സിലാക്കണം.

മിനിട്ടു് സൂചി ഒരു പ്രാവശ്യം ചുററിക്കഴിയുമ്പോൾ മണിക്കൂർ സൂചി ഒരക്കം മാറുന്നതേ ഉള്ളു. മണിക്കൂർ സൂചി ഒരക്കം മാറുമ്പോൾ സമയം ഒരുമണിക്കൂർ കഴിഞ്ഞു എന്നു തെളിയുന്നു. മണിക്കൂർ സൂചി 12 അക്കം മാറികഴിയുമ്പോൾ 12 മണിക്കൂർ സമയം തീരുന്നു. അങ്ങിനെ മണിക്കൂർ സൂചി രണ്ടുപ്രാവശ്യം ചുററിക്കഴിയുമ്പോൾ 12×2=24 മണിക്കൂർ അഥവാ ഒരുദിവസം പൂർത്തിയാകുന്നു. ഇതിൽനിന്നും മണിക്കൂർ സൂചി ഒരേ അക്കം ഒരു

ദിവസം രണ്ടു പ്രാവശ്യം കടക്കുന്നുവെന്നു മനസ്സിലാകും. ഉദാഹരണമായി ചെറിയ സൂചി 5 എന്ന അക്കത്തിൽ ഒരുദിവസം രണ്ടു പ്രാവശ്യം വരുന്നു. അപ്പോഴെല്ലാം സമയം 5 മണിയാണ്. ഒരു ദിവസം രണ്ടുപ്രാവശ്യം സമയം 5 മണി എന്നു നാം പറയുന്നുണ്ട്; ഒന്ന്, കാലത്ത്, രണ്ട്, വൈകിട്ട്. അതിനാൽ 5 മണി, 6 മണി എന്നൊക്കെ പറയുമ്പോൾ രാത്രിയാണോ, പകലാണോ; കാലത്താണോ, വൈകിട്ടാണോ എന്നുകൂടിച്ചേർത്തു പറയേണ്ടതു് ആവശ്യമാണ്.

മണിക്കൂർസൂചി ഏതൊരക്കത്തിന്റെ നേക്കുനിൽക്കുന്നുവോ അപ്പോഴത്തെ സമയം ആ അക്കമാണ്. ഉദാഹരണമായി മണിക്കൂർസൂചി കാലത്തു് 8 എന്ന അക്കത്തിന്റെ നേക്കുനിന്നാൽ സമയം കാലത്തു് 8 മണി, രാത്രിയിലായാൽ രാത്രി 8 മണി, ആ സന്ദർഭത്തിൽ മിനിട്ടുസൂചി എവിടെയായിരിക്കും? 12-ൽ ആണെന്നുള്ളതു് പ്രത്യേകം പറയേണ്ടതില്ലല്ലൊ. പൂർണ്ണമായ മണിക്കൂറിനെ കാണിക്കുന്ന സന്ദർഭങ്ങളിലെല്ലാം മിനിട്ടുസൂചി 12-ൽ ആയിരിക്കും.

മണിക്കൂർസൂചി രണ്ടക്കങ്ങളുടെ ഇടയ്ക്കാണെങ്കിൽ സമയമറിയുന്നതെങ്ങിനെ? മണിക്കൂറുസൂചി പകൽ സമയം 9-നും, 10-നും ഇടയ്ക്കാണെന്നിരിക്കട്ടെ. മണി പകൽ 9 കഴിഞ്ഞു, എന്നാൽ 10 ആയിട്ടില്ല എന്നാണ് അത്ഥം. കൃത്യമായ സമയമറിയുന്നതിന് മിനിട്ട്സൂചി എവിടെയാണെന്നുനോക്കി മിനിട്ട് നിശ്ചയിക്കുക. മിനിട്ട്സൂചി 5-ൽ നിൽക്കുന്നുവെങ്കിൽ സമയം കാലത്തു് 9 മണി കഴിഞ്ഞു് 25 മിനിട്ടായി എന്നു നാം പറയും.

ഈ രീതിയിൽ ആദ്യം മണിക്കൂർസൂചിയുടേയും പിന്നീട് മിനിട്ടുസൂചിയുടേയും സ്ഥാനം മനസ്സിലാക്കി പകലും രാത്രിയും നമുക്ക് ശരിയായ സമയം മണിക്കൂർ, മിനിട്ടായി പറയാൻ സാധിക്കുന്നതാണ്.

അഭ്യാസം 8.

(മനക്കണക്ക്)

ഒരു വാച്ചിലെ സൂചികൾ നില്ക്കുന്നസ്ഥാനം താഴെ കൊടുത്തിരിക്കുന്നു. സമയം പറയുക.

| | | | | | |
|---|---|---|---|---|---|
| 1. | മണിക്കൂർസൂചി | 12-നും | 1-നും ഇടയ്ക്കു്; | മിനിട്ടുസൂചി | 5-ൽ |
| 2. | ടി | 3-നും | 4-നും | ടി | 8-ൽ |
| 3. | ടി | 7-നും | 8-നും | ടി | 11-ൽ |
| 4. | ടി | 1-നും | 2-നും | ടി | 7-ൽ |
| 5. | ടി | 11-നും | 12-നും | ടി | 6-ൽ |
| 6. | ടി | 2-നും | 3-നും | ടി | 3-ൽ |
| 7. | ടി | 5-നും | 6-നും | ടി | 9-ൽ |
| 8. | ടി | 8-നും | 9-നും | ടി | 4-ൽ |
| 9. | ടി | 6-നും | 7-നും | ടി | 1-ൽ |
| 10. | ടി | 9-നും | 10-നും | ടി | 10-ൽ |
| 11. | ടി | 4-നും | 5-നും | ടി | 2-ൽ |
| 12. | ടി | 10-നും | 11-നും | ടി | 10-ൽ |
| 13. | ടി | 6-ൽ | | ടി | 12-ൽ |
| 14. | ടി | 12-ൽ | | ടി | 12-ൽ |

---

അദ്ധ്യായം 6.

## നാണയങ്ങൾ.

9. രൂപ, അണ, പൈ എന്നിവയാണു് നമ്മുടെ നാട്ടിൽ നിലവിലിരിക്കുന്ന നാണയങ്ങളെന്നു് നിങ്ങൾക്കറിയാം. ഇവ തമ്മിലുള്ള ബന്ധം താഴെ കൊടുത്തിരിക്കുന്നു.

12 പൈ = 1 അണ.

16 അണ = 1 രൂപ.

ഇവ കൂടാതെ ഇനിയും നാണയങ്ങൾ നിങ്ങൾ കണ്ടിട്ടുണ്ടാവും. കാലണ, അരയണ, രണ്ടണ, നാലണ, (കാൽരൂപ) എട്ടണ, (അരരൂപ) എന്നിവയ്ക്കുപുറമേ ഒരുരൂപാനോട്ട്, രണ്ടുരൂപാനോട്ട്, അഞ്ചുരൂപാനോട്ട്, പത്തുരൂപാനോട്ട്, നൂറുരൂപാനോട്ട് മുതലായവയും വളരെ പ്രചാരത്തിലിരിക്കുന്നവയാണ്.

10. രാമനു 80 പേജുള്ള കുറെ നോട്ടുപുസ്തകം ആവശ്യമാണ്. ഒരു പുസ്തകത്തിന് 3 അണയാണ് വില. അവൻെറ കൈവശം ഒരു 2 രൂപാനോട്ടുണ്ട്. എത്ര നോട്ടുപുസ്തകം വാങ്ങാൻ സാധിക്കും?

കൈവശമുള്ള രണ്ടുരൂപാനോട്ടു മാറിയാൽ എത്ര അണ കിട്ടുമെന്നറിഞ്ഞാൽ എത്ര പുസ്തകം വാങ്ങാമെന്നു വളരെവേഗം കണ്ടുപിടിക്കാം. ഇതുപോലെ നിരവധി അവസരങ്ങളിൽ കൈവശമുള്ള രൂപയ്ക്കു എത്ര അണയാണുള്ളതു് എന്നു കണ്ടുപിടിക്കേണ്ട ആവശ്യം നേരിടുന്നു. മുകളിൽ കൊടുത്തിട്ടുള്ള ഉദാഹരണം നോക്കുക.

എത്ര പുസ്തകം കിട്ടുമെന്നു കാണുന്നതിന് 2 രൂപയിൽ എത്ര മൂന്നണ ഉണ്ടു് എന്നു കണ്ടുപിടിച്ചാലെ സാധിക്കുകയുള്ളൂ. ഒന്നാമതായി 2 രൂപായുടെ വില അണയായി കാണണം.

1 രൂപ=16 അണ

2 രൂപ=16×2=32 അണ

32 അണയിൽ എത്ര തവണ 3 അണക്കൂട്ടം ഉണ്ടു് എന്നു് കണ്ടാൽ മതിയാകും. അതിനു് 32 നെ 3 കൊണ്ടു് ഭാഗിക്കുകയാണല്ലോ വേണ്ടതു്.

32÷3=10, ശിഷ്ടം 2

അതായതു് 32 അണയ്ക്കു വാങ്ങാവുന്നാ പുസ്തകം 10, ബാക്കി 2 അണ. അല്ലെങ്കിൽ 2 രൂപയ്ക്കു 3 അണ വിലയുള്ള 10 പുസ്തകം വാങ്ങാം. മിച്ചം 2 അണ കിട്ടുന്നതാണ്.

രൂപയുടെ വില അണയാക്കി കാണുന്നതുപോലെ തന്നെ ചില സന്ദർഭങ്ങളിൽ അണയുടെ വില പൈയായിട്ടും കാണേ

ണ്ടിവരും. രൂപയുടെ എണ്ണത്തെ 16 കൊണ്ടു് ഗുണിച്ചാൽ അണയാകുന്നു. അതുപോലെ അണയെ 12 കൊണ്ടു് ഗുണിച്ചാൽ പൈയാകും.

11. ഒരു കച്ചവടക്കാരൻ 2 അണ വിലയുള്ള 50 എൺചുവടി പുസ്തകം വാങ്ങി. അയാൾ എന്തുകൊടുത്തു?

ഒരു പുസ്തകത്തിനു വില 2 അണ. അപ്പോൾ 50 പുസ്തകത്തിനു് 50×2=100 അണയാണു് വില. അയാൾ 100 അണ എണ്ണിക്കൊടുക്കുകയാണോ ചെയ്യുന്നതു്? അല്ല 100 അണയ്ക്കു തുല്യമായ മററു നാണയമാണു് കൊടുക്കുന്നതു്. കച്ചവടക്കാരൻ ഒരുരൂപാനോട്ടുകളാണു് കൊടുക്കുന്നതെങ്കിൽ എത്ര ഒരുരൂപാനോട്ടു കൊടുക്കണം? ഒരുരൂപാ=16 അണ. അപ്പോൾ 100 അണയിൽ എത്ര 16 അണ ഉണ്ടെന്നു് കാണണം. അതായതു് 100നെ 16 കൊണ്ടു് ഭാഗിക്കണം. 100÷16=6, ശിഷ്ടം 4. കച്ചവടക്കാരൻ 6 ഒരുരൂപാനോട്ടും 4 അണയും കൊടുക്കുന്നു.

ഇപ്രകാരംതന്നെ ചിലപ്പോൾ പൈയുടെ വില അണയായിട്ടും കാണേണ്ടിവരും. അതിനു് പൈയുടെ എണ്ണത്തെ 12 കൊണ്ടു ഹരിച്ചാൽമതി. താഴെ ചെയ്തിരിക്കുന്ന ഉദാഹരണം നോക്കുക.

ഉദാ: ഒരു നാരങ്ങായ്ക്കു 9 പൈയാണു് വില. 125 നാരങ്ങയുടെ വില കാണുക?

ഒരു നാരങ്ങയുടെ വില=9 പൈ

125 നാരങ്ങയുടെ വില=125×9=1125 പൈ

പൈയെ അണയാക്കുന്നതിനു് 1125-നെ 12 കൊണ്ടു് ഹരിക്കുക. ഹരിക്കുമ്പോൾ ഫലം 93 ശിഷ്ടം 9, അതായതു് 1125 പൈ=93 അണ 9 പൈ.

93 അണയെ രൂപായാക്കുന്നതിനു് 93 നെ 16 കൊണ്ടു് ഹരിക്കണം. ഹരിക്കുമ്പോൾ ഫലം 5, ശിഷ്ടം 13. അതായതു് 93 അണ=5 രൂപ 13 അണ.

അതുകൊണ്ടു് 1125 പൈ=5 രൂപാ 13 അണ 9 പൈ.

ഇപ്രകാരം പൈയെ അണയായും, അണയെ രൂപയായും മാറുന്ന ക്രിയയ്ക്കു മേൽത്തരമാക്കുക എന്നു് പറയുന്നു.

## അഭ്യാസം 9.

### 1

1. (മനണണക്കു്) പൈയാക്കി പറയുക.

2 അണ, 3 അണ, 4 അണ, 6 അണ, 8 അണ, 5 അണ, 11 അണ, 9 അണ, 1 അണ 3 പൈ, 1 അണ 6 പൈ, 1 അണ 9 പൈ, 2 അണ 6 പൈ.

2. അണയാക്കുക.

2 രൂപ, 6 രൂപ, 7 രൂപ, 11 രൂപ, 12 രൂപ, 14 രൂപ, 18 രൂപ, 21 രൂപ, 28 രൂപ, 47 രൂപ, 68 രൂപ, 74 രൂപ, 99 രൂപ, 124 രൂപ, 150 രൂപ, 204 രൂപ, 378 രൂപ, 563 രൂപ, 832 രൂപ, 934 രൂപ.

3. പൈയാക്കുക.

13 അണ, 14 അണ, 15 അണ, 17 അണ, 24 അണ, 29 അണ.

2 രൂപ, 3 രൂപ, 6 രൂപ, 14 രൂപ.

3 രൂപ 8 ണ, 4 രൂപ 4 അണ, 6 രൂപ 10 അണ, 5 രൂപ 3 അണ, 7 രൂപ 11 അണ, 8 രൂപ 14 അണ, 10 രൂപ 15 അണ, 12 രൂപ 1 അണ, 18 രൂപ 7 അണ, 24 രൂപ 10 അണ.

2 രൂപ 4 അണ 3 പൈ, 1 രൂപ 11 അണ 9 പൈ, 5 രൂപ 6 അണ 6 പൈ, 9 രൂപ 10 അണ 3 പൈ, 10 രൂപ 15 അണ 9 പൈ, 8 രൂപ 0 അണ 9 പൈ, 12 രൂപ 0 അണ 3 പൈ.

2

4 (മനക്കണക്കു്) മേൽത്തരമാക്കി വില കാണുക:—

24 പൈ, 36 പൈ, 60 പൈ, 96 പൈ, 48 പൈ, 120 പൈ, 132 പൈ, 28 പൈ, 16 പൈ, 42 പൈ, 50 പൈ.

32 അണ, 64 അണ, 80 അണ, 48 അണ, 128 അണ, 96 അണ, 144 അണ, 160 അണ, 112 അണ, 54 അണ, 83 അണ, 23 അണ, 114 അണ.

5. മേൽത്തരമാക്കുക:—

39 അണ, 105 അണ, 147 അണ, 294 അണ, 564 അണ, 628 അണ, 656 അണ, 749 അണ, 891 അണ, 900 അണ, 1423 അണ, 2438 അണ.

100 പൈ, 125 പൈ, 143 പൈ, 165 പൈ, 174 പൈ, 184 പൈ, 192 പൈ, 208 പൈ, 227 പൈ, 263 പൈ, 434 പൈ, 528 പൈ, 639, പൈ, 898 പൈ, 1027 പൈ, 1426 പൈ.

12. ചാക്കോ ഒരു കടയിൽ പോയി താഴെ പറയുന്ന സാധനങ്ങൾ വാങ്ങി. 12 അണ 3 പൈയ്ക്കു കടലാസ്സ്, 9 അണയ്ക്കു പെൻസിൽ, 3 രൂപാ 4 അണ 6 പൈയ്ക്കു പേന, 2 രൂപാ 8 അണ 9 പൈയ്ക്കു മിട്ടായി ആകെ എന്തുകൊടുക്കണം.

ചെയ്തിരിക്കുന്നതു നോക്കുക:—

| | | രൂ. | ണ. | പൈ |
|---|---|---|---|---|
| കടലാസ്സിന്റെ വില | ...... | 0 | 12 | 3 |
| പെൻസിലിന്റെ വില | ...... | 0 | 9 | 0 |
| പേനയുടെ വില | ...... | 3 | 4 | 6 |
| മിട്ടായിയുടെ വില | ...... | 2 | 8 | 9 |
| ആകെ വില | | 7 | 2 | 6 |

ആദ്യമായി പൈ കൂട്ടുക. 18 പൈ എന്നു കിട്ടി. അതിനെ മേൽത്തരമാക്കുമ്പോൾ 1 അണ 6 പൈ. 6 പൈ, പൈയുടെ നേരെ എഴുതുക. ഒരണയെ അണയോടുചേർത്തു കൂട്ടുമ്പോൾ 34 അണ. മേൽത്തരമാക്കുമ്പോൾ 2 രൂപ 2 അണ. 2 അണ; അണയുടെ സ്ഥാനത്തെഴുതി 2 രൂപയെ രൂപാസ്ഥാനത്തുള്ളതുമായി കൂട്ടുമ്പോൾ 7 രൂപാ. ഇങ്ങനെ ആകെ കൊടുക്കേണ്ടതു് 7 രൂപാ 2 അണ 6 പൈയാണു്.

ചാക്കോയുടെ വശം ഒരു പത്തുരൂപാ നോട്ടുമാത്രമേ ഉണ്ടായിരുന്നുള്ളു. അവൻ അതു കടക്കാരനു കൊടുത്തു. വാങ്ങിയ സാധനങ്ങളുടെ വിലകഴിച്ചു കടക്കാരൻ ചാക്കോയ്ക്കു് എന്തുകൊടുക്കണം. 10 രൂപയിൽനിന്നും 7 രൂപാ 2 അണ 6 പൈ കുറച്ചിരിക്കുന്നതു നോക്കുക.

| രൂപ | അണ | പൈ |
|---|---|---|
| 10 | 0 | 0 |
| 7 | 2 | 6 |
| 2 | 13 | 6 |

പൈയുടേയും അണയുടേയും സ്ഥാനങ്ങൾ ശൂന്യമാകയാൽ രൂപാ സ്ഥാനത്തുനിന്നും ഒരു രൂപയെടുത്തു് അണ സ്ഥാനത്തു കൊണ്ടുവരുക. അണ സ്ഥാനത്തുള്ള 16 അണയിൽ 15 അണ അവിടെ വച്ചിട്ടു് ഒരണ പൈയുടെ സ്ഥാനത്തു കൊണ്ടുവരിക. അപ്പോൾ പൈ സ്ഥാനത്തുള്ള 12 പൈ-യിൽനിന്നും 6 പൈ കുറച്ചാൽ ഫലം 6 പൈ. അണ സ്ഥാനത്തുള്ള 15 അണയിൽ നിന്നു് 2 അണ കുറച്ചാൽ ഫലം 13 അണ. രൂപാ സ്ഥാനത്തു ബാക്കിയുള്ള 9 രൂപയിൽ 7 രൂപ പോയാൽ ശിഷ്ടം 2 രൂപ. അങ്ങിനെ കടക്കാരൻ ചാക്കോയ്ക്കു വില കഴിച്ചു് 2 രൂപ 13 അണ 6 പൈ ബാക്കി കൊടുക്കുന്നു.

## അഭ്യാസം 10.

### I

(തുക കാണ്മ 1 മുതൽ 12 വരെ ചോദ്യങ്ങൾ മനക്കണക്ക്)

1. 2 അണ + 1 അണ 3 പൈ
2. 3 അണ + 1 അണ 6 പൈ
3. 2 അണ 6 പൈ + 1 അണ 3 പൈ
4. 4 അണ 6 പൈ + 2 അണ 3 പൈ
5. 6 അണ 3 പൈ + 2 അണ 6 പൈ
6. 3 അണ 9 പൈ + 4 അണ 3 പൈ
7. 12 അണ 6 പൈ + 2 അണ 6 പൈ
8. 8 അണ 9 പൈ + 4 അണ 6 പൈ
9. 1 രൂപ 4 അണ + 2 രൂപ 3 അണ
10. 4 രൂപ 7 അണ + 5 രൂപ 8 അണ
11. 3 രൂപ 2 അണ + 2 രൂപ 14 അണ
12. 14 അണ 9 പൈ + 5 അണ 6 പൈ
13. 6 രൂപ 5 അണ 3 പൈ + 7 രൂപ 8 അണ 6 പൈ + 3 രൂപ 2 അണ
14. 7 രൂപ 12 അണ 4 പൈ + 12 രൂപ 14 അണ 9 പൈ+ 6 രൂപ 8 അണ 6 പൈ
15. 27 രൂപ 9 അണ 10 പൈ + 213 രൂപ 11 അണ 6 പൈ + 29 രൂപ 13 അണ 8 പൈ
16. 18 രൂപ 0 അണ 7 പൈ + 28 രൂപ 6 അണ 9 പൈ + 46 രൂപ 14 അണ 6 പൈ
17. 248 രൂപ 15 അണ 9 പൈ + 407 രൂപ 10 അണ 4 പൈ + 429 രൂപ 9 അണ 11 പൈ
18. 1240 രൂപ 1 അണ 9 പൈ + 2412 രൂപ 13 അണ 4 പൈ + 1213 രൂപ 14 അണ 5 പൈ

19. 297  രൂപ 6 അണ 8 പൈ + 4024 രൂപ 11 അണ 3 പൈ + 2044 രൂപ 8 പൈ + 238 രൂപ 14 അണ 9 പൈ
20. 600 രൂപ 12 അണ 10 പൈ + 234 രൂപ 5 അണ 4 പൈ + 698 രൂപ 10 അണ 8 പൈ + 717 രൂപ 13 അണ 4 പൈ

## 2

കുറയ്ക്കുക [21 മുതൽ 30 വരെ ചോദ്യങ്ങൾ മനക്കണക്ക്]

21. 4 അണ 9 പൈ—2 അണ 3 പൈ
22. 8 അണ 9 പൈ—5 അണ 6 പൈ
23. 5 അണ—2 അണ 6 പൈ
24. 13 അണ—8 അണ 6 പൈ
25. 14 അണ—7 അണ 8 പൈ
26. 10 രൂപ 8 അണ—7 രൂപ 4 അണ
27. 18 രൂപ 12 അണ—6 രൂപ 5 അണ
28. 8 രൂപ—4 രൂപ 12 അണ
29. 10 രൂപ—9 രൂപ 11 അണ
30. 24 രൂപ—10 രൂപ 13 അണ
31. 8 രൂപ 9 അണ 10 പൈ—5 രൂപ 4 അണ 6 പൈ
32. 24 രൂപ 10 അണ 9 പൈ—18 രൂപ 8 അണ 6 പൈ
33. 30 രൂപ 7 അണ 6 പൈ—9 രൂപ 4 അണ 9 പൈ
34. 202 രൂപ 10 അണ 4 പൈ—181 രൂപ 1 അണ 10 പൈ
35. 175 രൂപ 4 അണ 9 പൈ—96 രൂപ 13 അണ 4 പൈ
36. 168 രൂപ 2 അണ 6 പൈ—67 രൂപ 13 അണ 3 പൈ
37. 234 രൂപ 9 അണ 3 പൈ—132 രൂപ 12 അണ 8 പൈ
38. 3425 രൂപ 6 അണ 4 പൈ—2347 രൂപ 11 അണ 9 പൈ

39. 2376 ഉറുപ്പിക 7 അണ 6 പൈ—1942 ഉറുപ്പിക 10 അണ 10 പൈ

**3**

40. ഒരാൾ 2 ഉറുപ്പിക 10 അണ 6 പൈയ്ക്കു പഞ്ചസാരയും, 3 ഉറുപ്പിക 4 അണ 9 പൈയ്ക്കു തേയിലയും വാങ്ങി. ആകെ എന്തു കൊടുക്കണം? അയാൾ ഒരു പത്തുറുപ്പികനോട്ടു കൊടുത്താൽ ബാക്കി എന്തുകിട്ടും.

41. ഒരാൾക്കു ജനുവരിമാസത്തിൽ അലക്കുകൂലിവകയിൽ 8 ഉറുപ്പിക 5 അണ 6 പൈയും, ഫെബ്രുവരിമാസത്തിൽ 6 ഉറുപ്പിക 10 അണയും, മാർച്ചിൽ 8 ഉറുപ്പിക 3 അണ 6 പൈയും ആയാൽ മൂന്നുമാസത്തേയുംകൂടി അലക്കുകൂലിവകയിൽ ചെലവെന്തു്?

42. ഒരു വീട്ടിലെ ഒരു മാസത്തെ ചെലവു് താഴെ ചേർക്കുന്നു. ആഹാരത്തിനു് 140 ഉറുപ്പിക 8 അണ 9 പൈ, വസ്ത്രത്തിനു് 25 ഉറുപ്പിക 7 അണ 3 പൈ മററു ചിലവുകൾക്കു് 36 ഉറുപ്പിക 5 അണ 6 പൈ ആകെ ഒരു മാസത്തെ ചെലവെന്തു്? ഗൃഹനാഥനു് പ്രതിമാസം 200 ഉറുപ്പിക വരവുണ്ടെങ്കിൽ ഒരു മാസത്തെ മിച്ചമെന്തു്?

43. ഒരു കടയിലെ ഒരാഴ്ചത്തെ പിരിവു് താഴെ ചേർക്കുന്നു. ഞായറാഴ്ച 643 ഉറുപ്പിക 7 അണ 9 പൈ, തിങ്കളാഴ്ച 236 ഉറുപ്പിക 8 അണ 3 പൈ, ചൊവ്വാഴ്ച 463 ഉറുപ്പിക 6 പൈ, ബുധനാഴ്ച 126 ഉറുപ്പിക 15 അണ 3 പൈ, വ്യാഴാഴ്ച 327 ഉറുപ്പിക 2 അണ 9 പൈ, വെള്ളിയാഴ്ച അവധി, ശനിയാഴ്ച 527 ഉറുപ്പിക 11 അണ. ഒരാഴ്ചത്തെ ആകെ പിരിവെന്തു്? ആകെ പിരിവു് 3000 ഉറുപ്പികയിൽ എത്ര കുറവു്?

13. ഒരു പുസ്തകത്തിനു് 2 ഉറുപ്പിക 6 അണ 9 പൈ വച്ചു് 6 പുസ്തകത്തിന്റെ വിലയെന്തു്?

ഒരു പുസ്തകത്തിന്റെ വില തന്നിട്ടുണ്ടു്. അതിനാൽ 6 പുസ്തകത്തിന്റെ വില കാണുന്നതിനു് ഒന്നിന്റെ വിലയെ

6 കൊണ്ടു് ഗുണിച്ചാൽ മതിയാകുമെന്നു് നിങ്ങൾക്കറിയാം. അതായതു് 6 പുസ്തകത്തിൻെറ വില = 2 രൂപ 6 അണ 9 പൈ×6, ഈ ഗുണനക്രിയ താഴെ ചെയ്തിരിക്കുന്നതു് നോക്കുക.

2 രൂപ 6 അണ 9 പൈയെ ആണല്ലോ 6 കൊണ്ടു് ഗുണിക്കേണ്ടതു്. ആദ്യമായി ഏ

| രൂപ | അണ | പൈ |
|---|---|---|
| 2 | 6 | 9 × |
| | | 6 |
| 14 | 8 | 6 |

റവും വില കുറഞ്ഞ പൈ സ്ഥാനത്തുള്ള 9 പൈയെ 6 കൊണ്ടു് ഗുണിക്കുക. 9×6 = 54. 54 പൈയെ മേൽതരമാക്കുമ്പോൾ 4 അണ 6 പൈ. ശിഷ്ടം വന്ന 6, പൈയുടെ സ്ഥാനത്തെഴുതണം. അടുത്തതായി 6 അണയെ 6 കൊണ്ടു് ഗുണിക്കുമ്പോൾ 36 അണ. ഒന്നാമതു് പൈയെ മേൽതരമാക്കിയപ്പോൾ കിട്ടിയ 4 അണ കൂടി കൂട്ടുമ്പോൾ 40 അണ. 40 അണ= 2 രൂപ 8 അണ. 8, അണ സ്ഥാനത്തെഴുതി. 2 രൂപയെ 6 കൊണ്ടു് ഗുണിക്കുമ്പോൾ 12 രൂപാ. അണയെ മേൽത്തരമാക്കിയപ്പോൾ കിട്ടിയ 2 രൂപ കൂടി കൂട്ടുമ്പോൾ 14 രൂപ. 14, രൂപയുടെ സ്ഥാനത്തെഴുതുക. ഇപ്പോൾ ഗുണനക്രിയ പൂർത്തിയായി. അങ്ങനെ 6 പുസ്തകത്തിൻെറ വില 2 രൂപ 6 അണ 9 പൈ × 6 = 14 രൂപ 8 അണ 6 പൈ.

---

14. രൂപ അണ പൈയെ ഒരു സംഖ്യകൊണ്ടു് ഗുണിക്കുന്ന രീതിയാണു് മുകളിൽ വിവരിച്ചതു്. ഇനി ഹരണക്രിയ പഠിക്കാം. തഴെ ചെയ്തിരിക്കുന്ന ഉദാഹരണങ്ങൾ നോക്കുക:—

ഉദാ: 1. ഒരാൾ 80 രൂപ കൊടുത്തു് 4 കസേര വാങ്ങി. ഒരു കസേരയുടെ വിലയെന്തു്?

ഒരു കസേരയുടെ വില കാണുന്നതിനു് 4 എണ്ണത്തിൻെറ വിലയായ 80 രൂപയെ 4 കൊണ്ടു് ഭാഗിക്കയാണല്ലോ വേണ്ടതു്.

ഒരു കസേരയുടെ വില = 80 രൂപ ÷ 4

= 20 രൂപ

ഉദാ: 2. 8 പേനയ്ക്കു 38 രൂപയാണ് വില. ഒരു പേനയുടെ വില കാണുക.

ഒരു പേനയുടെ വില = 38 രൂപ ÷ 8

ഹരിക്കുമ്പോൾ ഫലമായി 4-, ശിഷ്ടം 6 രൂപ. ശിഷ്ടം വരുന്നതും പേനയുടെ വിലയിൽ ഉൾപ്പെട്ടതാണ്. അതിനാൽ അതിനെ ഉപേക്ഷിക്കുവാൻ പാടില്ല. എന്നാൽ 6 നെ 8 കൊണ്ടു ഹരിക്കാൻ കഴിയാത്തതുകൊണ്ട് അതിനെ അണയാക്കി ഹരിക്കുക. 6 രൂപ = 96 അണ. 96 അണ ÷ 8= 12 അണ. അങ്ങിനെ ഒരു പേനയുടെ വില 4 രൂപ 12 അണ.

ഉദാ: 3. 5 പാക്കററ് തേയിലയ്ക്കു 13 രൂപ 5 അണ 9 പൈ; 1 പാക്കററ് തേയിലയുടെ വിലയെന്ത്?

| | രൂപ | അണ | പൈ |
|---|---|---|---|
| 13 രൂപയെ 5 കൊണ്ട് ഭാഗിക്കുമ്പോൾ 2 രൂപ. മിച്ചം 3 രൂപ. 2 രൂപ അതിന്റെ സ്ഥാനത്തെഴുതുക. 3 രൂപ = | 13 | 5 | 9 ÷ |
| | | | 5 |
| | 2 | 10 | 9 |

48 അണ. അണ സ്ഥാനത്തുള്ള 5 അണ കൂടി കൂട്ടുമ്പോൾ 53 അണ. 53 അണയെ 5 കൊണ്ട് ഹരിക്കുമ്പോൾ 10 അണ. ശിഷ്ടം 3 അണ. 10 അണ അണ സ്ഥാനത്ത് എഴുതുക. 3 അണയെ പൈയാക്കി 9 പൈ കൂടി ചേർക്കുമ്പോൾ 45 പൈ. 45 പൈ ÷ 5= 9 പൈ. ഫലമായ 9, പൈയുടെ സ്ഥാനത്തെഴുതുക. അങ്ങിനെ ഒരു പാക്കററ് തേയിലയുടെ വില 2 രൂപ 10 അണ 9 പൈ എന്ന് കിട്ടുന്നു.

മേൽകാണിച്ചിരിക്കുന്ന ഉദാഹരണങ്ങളിൽ നാം രൂപ അണ പൈയെ ഒരു സാധാരണസംഖ്യകൊണ്ട് ഹരിക്കുന്ന രീതിയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന ചോദ്യം നോക്കുക.

ഉദഃ 4: ഒരു പെൻസിലിന് 3 അണ 6 പൈ വച്ച് 3 രൂപയ്ക്ക് എത്ര പെൻസിൽ വാങ്ങാം?

വാങ്ങിയ പെൻസിലിൻെറ എണ്ണം കാണുന്നതിന് 3 രൂപയെ 3 അണ 6 പൈ കൊണ്ട് ഹരിക്കുകയാണല്ലോ വേണ്ടത്. രണ്ടുതരം നാണയങ്ങൾ തമ്മിലാണ് ക്രിയ ചെയ്യേണ്ടത്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ രണ്ടിനേയും ഒരേതരം നാണയമാക്കുകയാണ് വേണ്ടത്. അതായത് 3 അണ 6 പൈ, 3 രൂപ എന്നിവയെ പൈ ആക്കുക.

3 അണ 6 പൈ = 42 പൈ

3 രൂപ = 576 പൈ

3 രൂപ ÷ 3 അണ 6 പൈ = 576 ÷ 42 പൈ

= ഹരണഫലം 13, ശിഷ്ടം 30 പൈ.

വാങ്ങാവുന്ന പെൻസിലിൻെറ എണ്ണം = 13

മിച്ചമുള്ളത് = 30 പൈ

= 2 അണ 6 പൈ.

ഉദാഃ 5: ഒരു പേനയ്ക്ക് 4 രൂപ 10 അണയാണ് വില. 46 രൂപാ 4 അണയ്ക്ക് എത്ര പേന വാങ്ങാം.

വാങ്ങാവുന്ന പേനയുടെ എണ്ണം = 46 രൂപ 4 അണ ÷ 4 രൂപ 10 അണ.

ഇവിടെ രണ്ടിനേയും അണയാക്കുക.

46 രൂപ 4 അണ = 740 അണ

4 രൂപ 10 അണ = 74 അണ

46 രൂപ 4 അണ ÷ 4 രൂപ 10 അണ =

740 അണ ÷ 74 അണ = 10

പേനയുടെ എണ്ണം = 10

## അഭ്യാസം 11.

### 1

ഗുണനഫലം കാണുക. [1 മുതൽ 16 വരെ ചോദ്യങ്ങൾ മനക്കണക്ക്]

1. 6 പൈ × 4
2. 6 പൈ × 9
3. 3 പൈ × 11
4. 9 പൈ × 7
5. 1 അണ 3 പൈ × 8
6. 2 അണ 9 പൈ × 6
7. 2 അണ 3 പൈ × 10
8. 3 അണ 6 പൈ × 11
9. 4 അണ 9 പൈ × 8
10. 5 അണ 3 പൈ × 4
11. 6 അണ × 2
12. 9 അണ × 4
13. 7 അണ × 10
14. 12 അണ × 9
15. 1 രൂപ 8 അണ × 5
16. 2 രൂപ 10 അണ × 6
17. 4 അണ 6 പൈ × 14
18. 8 അണ 3 പൈ × 20
19. 12 അണ 3 പൈ × 18
20. 1 രൂപ 2 അണ 6 പൈ × 10
21. 8 രൂപ 13 അണ 9 പൈ × 16
22. 19 രൂപ 5 അണ 3 പൈ × 22
23. 28 രൂപ 7 അണ 6 പൈ × 32
24. 48 രൂപ 15 അണ 3 പൈ × 44

25. ഒരു ഫൗണ്ടൻപേനയുടെ വില 4 രൂപ 6 അണ 9 പൈ. എന്നാൽ 5 പേനയുടെ വിലയെന്തു്?

26. ഒരു ചാക്കു് അരിക്കു് 42 രൂപ 8 അണ 3 പൈ. എന്നാൽ 8 ചാക്കു് അരിയുടെ വില കാണുക.

27. ഒരു പീസു് തുണിക്കു് 28 രൂപ 15 അണ 6 പൈ. വിലയായാൽ 15 പീസു് തുണിയുടെ വിലയെന്തു്?

28. ഒരു റാത്തൽ പഞ്ചസാരയ്ക്കു് 8 അണ 9 പൈയാണു് വില. ഒരു റാത്തൽ കാപ്പിപ്പൊടിക്കു് 2 രൂപ 12 അണയാണു് വില. എന്നാൽ 6 റാത്തൻ പഞ്ചസാരയുടേയും 7 റാത്തൽ കാപ്പിപ്പൊടിയുടേയും വിലയെന്തു്?

29. ഒരു മേശയ്ക്കു് 47 രൂപ 8 അണ 6 പൈ വില. ഒരു കസേരയ്ക്കു് 13 രൂപ 5 അണ 3 പൈയാണു വില. എന്നാൽ 4 മേശയ്ക്കും 6 കസേരയ്ക്കുംകൂടി വിലയെന്തു്?

30. ഒരു മുണ്ടിനു് 2 രൂപ 6 പൈയും ഒരു ഷർട്ടിനു് 3 രൂപ 4 അണ 9 പൈയും വിലയായാൽ 3 മുണ്ടിനും 3 ഷട്ടിനും കൂടി വിലയെന്തു്?

31. ഒരാറം 4 അണ 6 പൈ വീതം വിലയുള്ള 9 പെൻസിലും, 1 അണ 3 പൈ വീതം വിലയുള്ള 4 റബ്ബറും, 1 രൂപ 2 അണ 3 പൈ വീതം വിലയുള്ള 3 പേനയും വാങ്ങിയിട്ടു് ഒരു പത്തു രൂപാ നോട്ടു കൊടുത്താൽ ബാക്കി എന്തുകിട്ടും?

32. ഒരു പൗണ്ടു് മിഠായിക്കു് 2 രൂപ 6 അണ 9 പൈയും, ഒരു പായ്ക്കററു് ബിസ്കററിനു് 14 അണ 3 പൈയും, ഒരു പൗണ്ടു് ചോക്കലേററിനു് 3 രൂപ 13 അണ 3 പൈയുമാണു് വില. ഒരാറം 4 പൗണ്ടു് മിഠായിയും, 3 പായ്ക്കററു് ബിസ്കററും 2 പൗണ്ടു് ചോക്കലേററും വാങ്ങിയിട്ടു് 10 രൂപയുടെ രണ്ടു നോട്ടു കൊടുത്തു. കച്ചവടക്കാരൻ ബാക്കി എന്തു കൊടുക്കണം?

## 2

(52 വരെ ചോദ്യങ്ങൾ മനക്കണക്ക്)

33. 1 അണ ÷ 4.
34. 2 അണ ÷ 3.
35. 10 രൂപ ÷ 4.
36. 5 അണ 6 പൈ ÷ 2.
37. 8 അണ 4 പൈ ÷ 5.
38. 10 അണ 6 പൈ ÷ 6.
39. 13 അണ 8 പൈ ÷ 4.
40. 1 രൂപ 8 അണ ÷ 3.
41. 5 രൂപ 4 അണ ÷ 3.
42. 12 രൂപ 9 അണ 3 പൈ ÷ 5.
43. 9 പൈ ÷ 3 പൈ.
44. 1 അണ 6 പൈ ÷ 6 പൈ.
45. 4 അണ 2 പൈ ÷ 5 പൈ.
46. 10 അണ 6 പൈ ÷ 7 പൈ.
47. 8 അണ 4 പൈ ÷ 2 അണ 1 പൈ.
48. 4 രൂപ 6 അണ ÷ 10 അണ.
49. 5 രൂപ 6 അണ ÷ 2 രൂപ 11 അണ.
50. 3 രൂപ 6 അണ ÷ 1 രൂപ 2 അണ.
51. 1 രൂപ ÷ 1 അണ 4 പൈ.
52. 19 രൂപ 8 അണ ÷ 12.
53. 27 രൂപ 10 അണ ÷ 13.
54. 67 രൂപ 13 അണ ÷ 15.
55. 79 രൂപ 10 അണ 7 പൈ ÷ 23.
56. 345 രൂപ 9 അണ 4 പൈ ÷ 32.
57. 564 രൂപ ÷ 24.
58. 465 രൂപ 15 അണ ÷ 30.

59. 1120 രൂപ ÷ 39.

60. 1 രൂപ 6 അണ ÷ 1 അണ 10 പൈ.

61. 15 രൂപ 12 അണ ÷ 3 രൂപ 15 അണ.

62. 43 രൂപ 8 അണ ÷ 2 രൂപ 2 അണ.

63. 331 രൂപ 5 അണ ÷ 3 രൂപ 9 അണ.

64. 38 രൂപ 4 അണ 9 പൈ ÷ 10 അണ 9 പൈ.

65. 78 രൂപ 15 അണ 3 പൈ ÷ 2 രൂപ 8 അണ 9 പൈ.

66. 44 രൂപ ÷ 10 അണ 8 പൈ.

67. 24 പേനയ്ക്കു് 87 രൂപ 12 അണ വില. ഒരു പേനയുടെ വിലയെന്തു്?

68. 18 ചാക്കു് അരിക്കു് 770 രൂപ 14 അണ 6 പൈ. എന്നാൽ ഒരു ചാക്കു് അരിയുടെ വില കാണുക.

69. 30 ദിവസത്തേയ്ക്കു് 129 രൂപ 13 അണ 6 പൈ ചെലവായാൽ ഒരു ദിവസത്തെ ചെലവെന്തു്?

70. 56 ചാക്കു് സിമിൻറിനു് 426 രൂപ 2 അണ. ഒരു ചാക്കു സിമിൻറിൻെറ വില കണക്കാക്കുക.

71. 7 പേർക്കു് 6 ദിവസത്തെ വരവു് 166 രൂപ 6 പൈ ആയാൽ ഒരാൾക്കു് ഒരു ദിവസത്തെ വരവെന്തു്?

72. ഒരു സിനിമാശാലയിൽ 19 ദിവസത്തേയ്ക്കു് 4509 രൂപ 3 അണ 9 പൈ വരവുണ്ടു്. ഒരു ദിവസത്തെ വരവു കാണുക.

73. ഒരുവാര തുണിക്കു് 2 രൂപ 3 അണ വില. എന്നാൽ 126 രൂപ 14 അണയ്ക്കു് എത്രവാര തുണി വാങ്ങാം?

74. ഒരു കുടയ്ക്കു് 10 രൂപ 7 അണ വില. 521 രൂപ 14 അണയ്ക്കു് എത്ര കുട വാങ്ങാം?

75. ഒരു പെൻസിലിനു് 3 അണ 9 പൈവച്ചു് 33 രൂപ 12 അണയ്ക്കു് വാങ്ങാവുന്ന പെൻസിലിൻെറ എണ്ണമെന്തു്?

76. ഒരു നോട്ടുപുസ്തകത്തിനു് 2 അണ 6 പൈ ആയാൽ 15 രൂപ 10 അണയ്ക്കു് എത്ര നോട്ടുപുസ്തകം വാങ്ങാം?

77. ഒരു പേനയ്ക്കു് 1 രൂപ 2 അണ 9 പൈ നിരക്കിൽ 35 രൂപ 2 അണ 6 പൈയ്ക്കു് എത്ര പേന വാങ്ങാം?

78. 450 രൂപ കൈവശമുള്ളപ്പോൾ ഒരാൾ കുറെ ജോലിക്കാരെ വേലയ്ക്കു നിറുത്തുന്നു. ഒരാൾക്കു് 1 രൂപ 14 അണയാണു് കൂലി. എത്രപേരെ നിറുത്താം?

## പുതിയ നാണയങ്ങൾ

1957 ഏപ്രിൽ 1 മുതൽ ഇന്ത്യാ ഗവണ്മെൻറു് നാണയ സമ്പ്രദായത്തിൽ മാററംവരുത്തിയിരിക്കുന്നു. അണ പൈ എന്നിവയ്ക്കു പകരം നയാപൈസ എന്ന പുതിയ നാണയം പ്രചരിപ്പിക്കുകയാണു്. പുതിയ ക്രമമനുസരിച്ചു് ഒരു രൂപയെ 100 നയാപൈസയായിട്ടു് ഭാഗിച്ചിരിക്കുന്നു. നയാപൈസയോടൊപ്പം തന്നെ അണയും പൈയും കുറെക്കാലത്തേയ്ക്കുകൂടി പ്രചാരത്തിലിരിക്കുന്നതാണു്. നിലവിലുള്ള 4 അണതുട്ടു് 25 നയാപൈസയ്ക്കും, 8 അണതുട്ടു് 50 നയാപൈസയ്ക്കും തുല്യമാണു്. കൂടാതെ ഒരു നയാപൈസ, 2 നയാപൈസ, 5 നയാപൈസ, 10 നയാപൈസ എന്നീ തുട്ടുകളുമുണ്ടു്.

രൂപയെ നയാപൈസ ആക്കുന്നതിനു 100 കൊണ്ടു് ഗുണിക്കയും, നയാപൈസയെ മേൽത്തരമാക്കുന്നതിനു 100 കൊണ്ടു് ഹരിക്കയുമാണു് വേണ്ടതെന്നുള്ളതു് വ്യക്തമാണല്ലോ. അണ, പൈ എന്നിവകൊണ്ടുള്ളവയെക്കാൾ നയാപൈസ ഉപയോഗിച്ചുള്ള ക്രിയകൾ എളുപ്പമാണു്.

ഉദാ: 1. 6 രൂപ 29 നയാ പൈസയെ നയാ പൈസയാക്കി പറയുക.

6 രൂപ $= 6 \times 100 = 600$ ന. പൈ

6 രൂപ 29 ന. പൈ $= 600 + 29 = 629$ ന. പൈ

ഉദാ: 2. 768 നയാ പൈസയേ മേൽത്തരമാക്കുക.

768 നെ 100 കൊണ്ടു് ഹരിക്കുമ്പോഠം ഹരണഫലം 7 ശിഷ്ടം 68.

768 ന. പൈ = 7 രൂപ 68 ന. പൈ.

ഉദാ: 3. പെൻസിൽ ഒന്നിനു് 18 നയാ പൈസ വച്ചു് ഒരു ഡസൻ പെൻസിലിൻെറ വിലയെന്തു്?

1 ഡ: പെൻസിലിൻെറ വില = 18 × 12
= 216 ന. പൈ
= 2 രൂപ 16 ന. പൈ.

ഉദാ: 4. ഒരു പൌണ്ടു് തേയിലയ്ക്കു 3 രൂപ 25 നയാ പൈസ നിരക്കിൽ 13 രൂപയ്ക്കു എത്ര പൌണ്ടു് തേയില വാങ്ങാം?

വാങ്ങാവുന്ന തേയില = 13 രൂപ ÷ 3 രൂപ 25 നയാ പൈസ
= 1300 ന. പൈ ÷ 325 ന: പൈ
= 4 പൌണ്ടു്.

## അഭ്യാസം 11 A

നയാ പൈസയാക്കുക.

1. (മനക്കണക്കു്) 2 രു; 3 രു, 6 രു; 10 രു; 11 രു; 15 രു; 1 രു; 25 ന. പൈ, 4 രു; 17 ന. പൈ, 8 രു; 72 ന. പൈ, 9 രു; 46 ന. പൈ.
2. 16 രൂപ 39 ന. പൈ, 31 രൂപ 86 ന. പൈ, 68 രൂപ 8 ന. പൈ, 27 രൂപ 60 ന. പൈ, 19 രൂപ 5 ന. പൈ.

മേൽത്തരമാക്കുക.

3. (മനക്കണക്കു്) 120 ന. പൈ, 198 ന. പൈ, 267 ന. പൈ, 583 ന. പൈ, 874 ന. പൈ, 608 ന. പൈ,

817 ന. പൈ, 903 ന. പൈ, 1072 ന. പൈ, 1267 ന. പൈ, 1400 ന. പൈ, 1628 ന. പൈ.

4. 1749 ന. പൈ. 1908 ന. പൈ, 3259 ന. പൈ, 6710 ന. പൈ, 10880 ന. പൈ, 9673 ന. പൈ, 11302 ന. പൈ, 12397 ന. പൈ.

തുക കാണുക.

5. (മനക്കണക്ക്.)

1. 1 രൂ; 10 ന. പൈ + 2 രൂ; 70 ന. പൈ
2. 3 രൂ; 80 ന. പൈ + 2 രൂ; 20 ന. പൈ
3. 2 രൂ; 25 ന. പൈ + 3 രൂ; 15 ന. പൈ
4. 1 രൂ; 75 ന. പൈ + 2 രൂ; 25 ന. പൈ

6. 8 രൂ; 67 ന. പൈ + 16 രൂ; 86 ന. പൈ + 23 രൂപ 5 ന. പൈ.

7. 28 രൂപ 36 ന. പൈ + 117 രൂപ 9 ന. പൈ+96 രൂപ 73 ന. പൈ.

കുറയ്ക്കുക:—

8. (മനക്കണക്ക്.)

1. 1 രൂപ—50 ന. പൈ
2. 2 രൂപ—80 ന. പൈ
3. 2 രൂപ—95 ന. പൈ
4. 3 രൂപ—2 രൂപ 25 ന. പൈ
5. 3 രൂപ—1 രൂപ 50 ന. പൈ

9. 17 രൂപ 80 ന. പൈ—9 രൂപ 68 ന. പൈ

10. 23 രൂപ 60 ന. പൈ—19 രൂപ 86 ന. പൈ

11. 34 രൂപ 8 ന. പൈ—16 രൂപ 94 ന. പൈ

12. 24 രൂപ 70 ന. പൈ—8 രൂപ 6 ന. പൈ

ക്രിയചെയ്യുക.

13. 4 രൂപ 25 ന. പൈ × 4
14. 7 രൂപ 30 ന. പൈ × 6
15. 16 രൂപ 78 ന. പൈ × 12
16. 2 രൂപ 30 ന. പൈ ÷ 10
17. 21 രൂപ 28 ന. പൈ ÷ 8
18. 34 രൂപ 6 ന. പൈ ÷ 13
19. 3 രൂപ 40 ന. പൈ ÷ 85 ന. പൈ
20. 6 രൂപ 25 ന. പൈ ÷ 1 രൂപ 25 ന. പൈ
21. ഒരു പോസ്റ്റ്കാർഡിനു 5 ന. പൈസ വച്ചു് 25 കാർഡിന്റെ വിലയെന്തു്?
22. ഒരു പെൻസിലിന് 21 ന. പൈസ വച്ചു് 25 പെൻസിലിന്റെ വിലയെന്തു്?
23. ഒരാൾ 50 ന. പൈസ വീതം കൊടുത്തു് 10 നോട്ടുപുസ്തകങ്ങളും, 27 ന. പൈസ വീതം വച്ചു് 6 പെൻസിലും വാങ്ങിയിട്ടു് കടക്കാരന് ഒരു പത്തു രൂപ നോട്ടു് കൊടുത്തു. ബാക്കി എന്തു കിട്ടും?
24. ഒരു ചാക്കിൽ 56 ഇടങ്ങഴി അരി കൊള്ളും. ഇടങ്ങഴി അരിക്കു് 62 ന. പൈസ വച്ചു് ഒരു ചാക്കു അരിയുടെ വില കാണുക.
25. ഒരാൾ 26 രൂപ 40 ന. പൈസ കൊടുത്തു 8 പൗണ്ടു് കാപ്പിപ്പൊടി വാങ്ങി. ഒരു പൗണ്ടു് കാപ്പിപ്പൊടിയുടെ വില കാണുക.
26. ഒരു ഡസൻ പൗണ്ടൻ പേനയ്ക്കു 52 രൂപ 44 ന. പൈസ. ഒരു പേനയുടെ വിലയെന്തു്?
27. ഒരു പൗണ്ടു് പഞ്ചസാരയ്ക്കു 56 നയാ പൈസയാണു് വില. 2 രൂപ 80 നയാ പൈസയ്ക്കു എത്ര പൗണ്ടു് പഞ്ചസാര വാങ്ങാം.
28. ഒരാൾക്കു് ഒരു ദിവസം 2 രൂപ 30 ന. പൈസ വീതം 34 രൂപ 50 നയാ പൈസ എത്ര ദിവസത്തേയ്ക്കു തികയും.

### അദ്ധ്യായം 7.

## ദൈർഘ്യമാനം.

17. നീളമളക്കുന്നതിന് സാധാരണയായി ഇഞ്ച്, അടി, ഗജം മുതലായ അളവുകളാണ് ഉപയോഗിക്കുന്നതെന്ന് നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. അവ തമ്മിലുള്ള ബന്ധം താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽനിന്നും മനസ്സിലാകും.

12 ഇഞ്ച് = 1 അടി

3 അടി = 1 ഗജം

രൂപ, അണ, പൈ എന്നീ നാണയങ്ങളെ ആസ്പദമാക്കി മേൽത്തരമാക്കുക, കീഴ്ത്തരമാക്കുക, കൂട്ടൽ, കുറയ്ക്കൽ, ഗുണനം, ഹരണം എന്നീ ക്രിയകൾ മുമ്പൊരദ്ധ്യായത്തിൽ പഠിച്ചുകഴിഞ്ഞു. ഗജം, അടി, ഇഞ്ച് എന്നിവ ഉപയോഗിച്ചും ഈവക ക്രിയകളെല്ലാം ചെയ്യാവുന്നതാണ്.

### അഭ്യാസം 12.

1. ഇഞ്ചാക്കുക. (മനക്കണക്ക്)

1 അടി, 1 അടി 6 ഇഞ്ച്, 2 അടി 8 ഇഞ്ച്, 1 അടി 9 ഇഞ്ച്, 2 അടി 3 ഇഞ്ച്, 1 ഗജം, 1 ഗജം 1 അടി, 1 ഗജം 2 അടി 6 ഇഞ്ച്.

2. മേൽത്തരമാക്കുക:—(മനക്കണക്ക്)

13 ഇഞ്ച്, 17 ഇഞ്ച്, 20 ഇഞ്ച്, 24 ഇഞ്ച്, 29 ഇഞ്ച്, 32 ഇഞ്ച്, 36 ഇഞ്ച്, 40 ഇഞ്ച്, 48 ഇഞ്ച്, 50 ഇഞ്ച്.

3 അടി, 5 അടി, 8 അടി, 10 അടി, 15 അടി, 25 അടി, 34 അടി, 37 അടി, 40 അടി,

3. 75 ഇഞ്ച്    4. 100 ഇഞ്ച്
5. 127 ഇഞ്ച്    6. 326 ഇഞ്ച്
7. 546 ഇഞ്ച്    8. 50 അടി
9. 784 ഇഞ്ച്    10. 86 അടി
11. 98 അടി
12. 1200 ഇഞ്ച്    13. 1427 ഇഞ്ച്
14. 112 അടി    15. 8769 ഇഞ്ച്
16. 784 അടി    17. 924 അടി
18. 1760 അടി    19. 10483 ഇഞ്ച്
20. 2327 അടി    21. 3243 അടി
22. 5280 അടി    23. 6424 അടി
24. 27324 ഇഞ്ച്    25. 39007 ഇഞ്ച്
26. 100000 ഇഞ്ച്

ഇഞ്ചാക്കുക:—

27. 10 അടി 8 ഇഞ്ച്.    28. 18 അടി 3 ഇഞ്ച്.
29. 9 ഗജം 2 അടി 6 ഇഞ്ച്.    30. 12 ഗജം 1 അടി 10 ഇഞ്ച്
31. 29 ഗജം 8 ഇഞ്ച്.    32. 42 ഗജം 1 അടി 11 ഇഞ്ച്
33. 72 ഗജം 2 അടി.    34. 84 ഗജം 1 അടി 4 ഇഞ്ച്

ക്രിയചെയ്യുക:—

35. (മനക്കണക്ക്) 8 ഇഞ്ച് + 4 ഇഞ്ച്; 9 ഇഞ്ച് + 5 ഇഞ്ച്; 1 അടി 2 ഇഞ്ച് + 1 അടി 5 ഇഞ്ച്; 2 അടി 4 ഇഞ്ച് + 8 ഇഞ്ച്; 1 അടി 6 ഇഞ്ച് + 2 അടി 9 ഇഞ്ച്; 1 ഗജം 1 അടി + 1 ഗജം 2 അടി; 2 ഗജം 2 അടി + 1 ഗജം 2 അടി.
36. 5 അടി 6 ഇഞ്ച് + 4 അടി 9 ഇഞ്ച്
37. 7 അടി 10 ഇഞ്ച് + 6 അടി 3 ഇഞ്ച്
38. 12 അടി 11 ഇഞ്ച് + 8 അടി 9 ഇഞ്ച്

39. 15 ഗജം 2 അടി + 2 ഗജം 2 അടി
40. 16 ഗജം 1 അടി + 15 ഗജം 2 അടി
41. 2 ഗജം 1 അടി 6 ഇഞ്ച് + 4 ഗജം 2 അടി 10 ഇഞ്ച്
42. 9 ഗജം 1 അടി 4 ഇഞ്ച് + 14 ഗജം 1 അടി 11 ഇഞ്ച്
43. 24 ഗജം 1 അടി 8 ഇഞ്ച് + 13 ഗജം 1 അടി 7 ഇഞ്ച്
44. 4 ഗജം 1 അടി 6 ഇഞ്ച് + 3 ഗജം 2 അടി 9 ഇഞ്ച് + 6 ഗജം 1 അടി 7 ഇഞ്ച്
45. 8 ഗജം 1 അടി 9 ഇഞ്ച് + 7 ഗജം 2 അടി + 4 ഗജം 10 ഇഞ്ച്
46. 24 ഗജം 1 അടി 11 ഇഞ്ച് + 13 ഗജം 2 അടി 9 ഇഞ്ച് + 9 ഗജം 2 അടി 8 ഇഞ്ച്
47. 87 ഗജം 2 അടി 10 ഇഞ്ച് + 63 ഗജം 1 അടി 8 ഇഞ്ച് + 34 ഗജം 2 അടി 3 ഇഞ്ച്
48. (മനക്കണക്ക്) 1 അടി—4 ഇഞ്ച്, 1 അടി 6 ഇഞ്ച്—1 അടി 3 ഇഞ്ച്, 1 അടി 9 ഇഞ്ച്—7 ഇഞ്ച്, 1 അടി 7 ഇഞ്ച്—10 ഇഞ്ച്.
49. 4 അടി 8 ഇഞ്ച്—3 അടി 11 ഇഞ്ച്.
50. 6 അടി 1 ഇഞ്ച്—4 അടി 9 ഇഞ്ച്.
51. 16 അടി 6 ഇഞ്ച്—11 അമി 8 ഇഞ്ച്.
52. 12 ഗജം 2 അടി—7 ഗജം 1 അടി.
53. 8 ഗജം 1 അടി—2 ഗജം 2 അടി.
54. 12 ഗജം 1 അടി 6 ഇഞ്ച്—7 ഗജം 1 അടി 9 ഇഞ്ച്.
55. 26 ഗജം 2 അടി 5 ഇഞ്ച്—11 ഗജം 1 അടി 9 ഇഞ്ച്.
56. 274 ഗജം 2 അടി—126 ഗജം 1 അടി 8 ഇഞ്ച്.
57. 372 ഗജം—296 ഗജം 2 അടി 3 ഇഞ്ച്.
